# വാർഷിക റിപ്പോർട്ട്

## 2021-2022

***'Towards a safer state'***

സുരക്ഷായനം

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (കെ.എസ്.ഡി.എം.എ)
Kerala State Disaster Management Authority (KSDMA)
ഒബ്സർവേറ്ററി കുന്ന്, വികാസ് ഭവൻ തപാൽ ഓഫീസ്
Observatory Hills, Vikas Bhavan P.O
തിരുവനന്തപുരം, കേരളം – 695033
Thiruvananthapuram, Kerala - 695033
ടെലിഫോൺ | Phone - 0471 2778855, 0471-2778888
ടോൾ ഫ്രീ ടെലിഫോൺ | Toll Free 1070
www.sdma.kerala.gov.in

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2020-2021, 2021-2022 , 2022-2023 , 2023-2024 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടുകൾ അംഗീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.306/2026/DMD തീയതി,തിരുവനന്തപുരം, 18-07-2026

---

പരാമർശം:-

1. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 30.07.2025 തീയതിയിലെ MTO I/1429/2025/Admin നമ്പർ കത്ത്
2. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 26.09.2025 തീയതിയിലെ MTO VI/2051/2025/Admin നമ്പർ കത്ത്
3. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 22.10.2025 തീയതിയിലെ MTO II/2317/2025/SDMA-KSDMA നമ്പർ കത്ത്.
4. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 14.01.2026 തീയതിയിലെ MTO VI/2017/2025/Admin നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2020-2021, 2021-2022, 2022-2023, 2023-2024 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടുകൾ മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി സർക്കാർ അംഗീകാരത്തിനായി പരാമർശ പ്രകാരം ലഭ്യമാക്കിയിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2020-2021, 2021-2022, 2022-2023, 2023-2024 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടുകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി


കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് ഉൾപ്പെടെ )

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)(എ&ഇ) കേരള, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Manu S
Date: 21-07-2026
10:48:23

സെക്ഷൻ ഓഫീസർ


KERALA
Multi Hazard Risk Index
Kasaragod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthitta
Kollam
Thiruvananthapuram
Mangaluru
Hassan
Mandya
Mysure
Gundlupet
Erode
Coimbatore
Tiruppur
Palani
Rajapalay
Kadayanallur
Tirunelveli
LEGEND
No Risk
Low Risk
Moderate Risk
High Risk
Taluk Boundary
District Boundary
Km
0 15 30 60
N
RISK LAB, KSEOC
Kerala State Disaster Management Authority
Thiruvananthapuram

# ആമുഖം

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ (SDMA) 2021–22 വർഷത്തെ പ്രവർത്തനങ്ങളെ വിശദീകരിക്കുന്ന സമഗ്ര വാർഷിക റിപ്പോർട്ടാണ് ഇത്. സംസ്ഥാനത്തെ വിവിധ പ്രകൃതിദുരന്തങ്ങൾ, അതിനോടുള്ള പ്രതികരണങ്ങൾ, നയനിർമ്മാണം, ശാക്തീകരണ പ്രവർത്തനങ്ങൾ, പൊതുജന പങ്കാളിത്തം എന്നിവയുടെ വിശദമായ അവലോകനമാണ് ഈ രേഖ നൽകുന്നത്.

2021–22 കാലയളവിൽ, കോവിഡ്-19ന്റെ രണ്ടാം തരംഗം സംസ്ഥാനത്തെ ആരോഗ്യ-സുരക്ഷാ സംവിധാനങ്ങളെ വലിയൊരു വെല്ലുവിളിയിലാക്കിയിരുന്നു. SDMA, ആരോഗ്യ വകുപ്പുമായി സഹകരിച്ച്, ക്വാറന്റൈൻ കേന്ദ്രങ്ങൾ, വാക്സിനേഷൻ ക്യാമ്പുകൾ, കോവിഡ് മാനദണ്ഡങ്ങൾ എന്നിവ നടപ്പിലാക്കി. അതോടൊപ്പം, സമൂഹത്തിൽ ബോധവത്കരണവും, സാമൂഹിക-ആരോഗ്യ ശാക്തീകരണവും ശക്തമായി നടന്നു.

മഴയും വെള്ളപ്പൊക്കവും ഉൾപ്പെടെയുള്ള കാലാവസ്ഥാ ദുരന്തങ്ങൾക്കുള്ള പ്രതികരണത്തിൽ SDMAയുടെ ഇടപെടലുകൾ ശ്രദ്ധേയമായിരുന്നു. തീവ്ര മഴയെ തുടർന്ന് ഉണ്ടായ മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം, കാറ്റ് തകർച്ച തുടങ്ങിയ സംഭവങ്ങളിൽ അടിയന്തര സഹായം, പുനരധിവാസം, ദുരിതാശ്വാസ വിതരണം എന്നിവ തത്സമയം നടപ്പിലാക്കപ്പെട്ടു. തദ്ദേശ ഭരണസംവിധാനങ്ങളുമായി ഏകീകരിച്ച പ്രവർത്തനങ്ങൾ, ദുരന്ത നിവാരണത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ സഹായകമായി.

ശാക്തീകരണ പ്രവർത്തനങ്ങൾ SDMAയുടെ പ്രധാന തൂണുകളിലൊന്നായിരുന്നു. സ്കൂളുകൾ, കോളേജുകൾ, തദ്ദേശ സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ എന്നിവയുമായി സഹകരിച്ച്, പരിശീലന പരിപാടികൾ, മോക്ക് ഡ്രില്ലുകൾ, ബോധവത്കരണ ക്യാമ്പുകൾ എന്നിവ നടന്നു. കുട്ടികളെയും യുവാക്കളെയും ലക്ഷ്യമാക്കി പ്രത്യേക പരിപാടികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തു.

പൊതുജന പങ്കാളിത്തം ഉറപ്പാക്കാൻ, SDMA വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗപ്പെടുത്തി. ദുരന്തസമയത്ത് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി മൊബൈൽ ആപ്പുകൾ, വെബ് പോർട്ടലുകൾ,

ഹോട്ട്ലൈൻ സേവനങ്ങൾ എന്നിവ സജീവമായി പ്രവർത്തിച്ചു. ഈ സംവിധാനങ്ങൾ, ദുരന്തസമയത്തെ ആശയവിനിമയം കൂടുതൽ കാര്യക്ഷമമാക്കാൻ സഹായിച്ചു.

നയനിർമ്മാണം, SOPs, Updated Disaster Management Plans, Capacity Building Frameworks എന്നിവയുടെ രൂപീകരണത്തിലൂടെ SDMAയുടെ പ്രവർത്തനം കൂടുതൽ ശാസ്ത്രീയവും ദീർഘദർശിയുമായ ദിശയിലേക്ക് നീങ്ങുകയാണ്. കാലാവസ്ഥാ വ്യതിയാനവും അതിന്റെ ദീർഘകാല പ്രത്യാഘാതങ്ങളും പരിഗണിച്ച്, നയങ്ങൾ കൂടുതൽ സമഗ്രമാക്കുന്നതാണ് ലക്ഷ്യം.

മൊത്തത്തിൽ, SDMAയുടെ 2021–22 പ്രവർത്തനങ്ങൾ, ദുരന്ത നിവാരണത്തിൽ കേരളം സ്വീകരിച്ച സമഗ്ര സമീപനത്തിന്റെ പ്രതിഫലനമാണ്. ശാസ്ത്രീയത, ജനകീയത, ശാക്തീകരണം, നയനിർമ്മാണം, പങ്കാളിത്തം എന്നിവയുടെ ഏകീകരണത്തിലൂടെ, SDMA ഒരു മാതൃകാ സ്ഥാപനമായി മാറുകയാണ്. ഈ റിപ്പോർട്ട്, നയനിർമ്മാതാക്കൾക്കും ഗവേഷകർക്കും, സാമൂഹിക പ്രവർത്തകർക്കും, പൊതുജനങ്ങൾക്കും ഒരു മാർഗദർശകമായി പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 ന് അനുസൃതമായി സംസ്ഥാന സർക്കാർ കേരള സംസ്ഥാന ദുരന്ത നിവാരണ ചട്ടം 2007 ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട് (*Kerala Extraordinary Gazette S.R.O No. 201/2007 dated 1st March 2007 (amendments vide S.R.O No. 583/2013 dated 17th July 2013 and S.R.O. No. 263/2016 dated 2nd March, 2016)*. കേന്ദ്ര ദുരന്ത നിവാരണ നിയമം 2005ന്റെ പതിനാലാം വകുപ്പ് അനുസരിച്ച് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2007ൽ രൂപീകൃതമായി.

കേരളം ബഹുവിധ ദുരന്ത സാധ്യതാ പ്രദേശമാണ്. ദുരന്ത സാഹചര്യം ഉളവാക്കാവുന്ന 17 തരം പ്രകൃതി പ്രതിഭാസങ്ങളും 22 തരം മനുഷ്യജന്യ പ്രതിഭാസങ്ങളും കേരളത്തിൽ ഉണ്ടെന്നു കണക്കാക്കുന്നു.

ദുരന്ത സാധ്യത അപഗ്രഥനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 21 താലൂക്കുകൾ ബഹുവിധ ദുരന്ത സാദ്ധ്യതകളാൽ അതീവ ദോഷപൂർണ്ണത (Vulnerability) ഉള്ളവയാണ്.

ദുരന്ത സാദ്ധ്യതകൾ ഉൾക്കൊണ്ട് ആവശ്യമായ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ചുമതല ദുരന്തനിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമാണ്.

കേന്ദ്ര ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 70 (2) പ്രകാരം ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാന നിയമസഭയുടെ മുന്നിൽ സമർപ്പിക്കുന്നതിനായി വാർഷിക റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

കേന്ദ്ര ദുരന്ത നിവാരണ നിയമപ്രകാരമുള്ള (statutory) അതോറിറ്റിയാണ് കേരളത്തിലെ ദുരന്ത നിവാരണ അതോറിറ്റി.

സംസ്ഥാനത്ത് ദുരന്ത നിവാരണ നിയമത്തിന്റെ നിർവ്വഹണ നയവും, ചട്ടങ്ങളും, പദ്ധതികളും അംഗീകരിക്കുന്നത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയാണ്. ഈ നിയമത്തിന്റെ നടത്തിപ്പിനായി ആവശ്യമായ തുക വകയിരുത്തുവാൻ സർക്കാരിന് ഉപദേശം നൽകുക, വിവിധ ദുരന്തങ്ങൾ പ്രതിരോധിക്കുവാനും, നേരിടുവാനും ആവശ്യമായ മാർഗ്ഗനിർദ്ദേശക രേഖകൾ പുറപ്പെടുവിക്കുക എന്നീ കർത്തവ്യങ്ങൾ ദുരന്ത നിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. നിയമം അനുശാസിക്കുന്ന വിധം മേൽ സൂചിപ്പിച്ച എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിച്ച്, വിവിധ വകുപ്പുകളുടെ ചുമതലകൾ നിഷ്കർഷിച്ച് ദുരന്ത ലഘൂകരണം വകുപ്പുകളുടെ സ്ഥിര വികസന പ്രവർത്തികളിൽ നിരന്തരവല്ക്കരിക്കാനുള്ള അധികാരം അതോറിറ്റിയിൽ നിക്ഷിപ്തമാണ്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുഖ്യമന്ത്രി | അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| റവന്യൂ വകുപ്പ് മന്ത്രി | സഹ-അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Vice Chairman) |
| ആഭ്യന്തര വകുപ്പ് മന്ത്രി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| കൃഷി വകുപ്പ് മന്ത്രി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ചീഫ് സെക്രട്ടറി | മുഖ്യ ഭരണ നിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer) |
| ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗവും കൺവീനറും (എക്സ്-ഒഫിഷ്യോ) (Member Convenor) |
| മുഖ്യ ശാസ്ത്രഞ്ജൻ, സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രം | അംഗവും കാര്യക്കാരനും (എക്സ്-ഒഫിഷ്യോ) (Member Secretary) |

## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee of KSDMA)

ദുരന്ത നിവാരണ നിയമത്തിന്റെ ഇരുപതാം വകുപ്പനുസരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, 4 സെക്രട്ടറിമാർ അംഗങ്ങളുമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee of KSDMA) പ്രവർത്തിച്ച് വരുന്നു. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുക, ദേശീയ, സംസ്ഥാന അതോറിറ്റികളുടെ പദ്ധതികൾ നടപ്പാക്കുക, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പ് വരുത്തുക, പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുക, അടിയന്തര ഘട്ടത്തിൽ ദുരന്ത പ്രതികരണം ഉറപ്പുവരുത്തുവാൻ ആവശ്യമായ ഉത്തരവുകളും, നിർദ്ദേശങ്ങളും വിവിധ വകുപ്പുകൾക്ക് ബാധകമായ രീതിയിൽ പുറപ്പെടുവിക്കുക, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തന നിയന്ത്രണം, ദുരന്ത നിവാരണത്തിനായുള്ള സങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണിയുടെ പ്രവർത്തന നിയന്ത്രണം, സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടേയും (State Disaster Mitigation Fund), സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെയും (State Disaster Response Fund) വിനിയോഗ നിയന്ത്രണം എന്നിവ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതിയിൽ നിക്ഷിപ്തമാണ്. സംസ്ഥാന കാര്യനിർവ്വഹണ സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു. GO (Rt) No. 772/2020/DMD dated 1-10-2020 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയെ സഹായിക്കുവാൻ ആയി കമ്മീഷണർ ദുരന്ത നിവാരണം എന്ന പദവി സൃഷ്ട്ടിച്ച് ഒരു AIS ഉദ്യോഗസ്ഥനെ നിയോഗിച്ചു.

| | |
|---|---|
| ചീഫ് സെക്രട്ടറി | അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗവും കൺവീനറും (എക്സ്-ഒഫിഷ്യോ) (Member Convenor) |
| ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |

## അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതികൾ

സംസ്ഥാനതലത്തിൽ മൂന്ന് അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- പ്രകൃതി ദുരന്തങ്ങളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതി: GO (Ms) No. 68/2011/DMD dated 8-2-2011.
- മനുഷ്യ നിർമ്മിത ദുരന്തങ്ങളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതി: GO (Rt) No. 6410/2013/DMD dated 29-11-2013.
- ഖനന മേഖലയിലെ അപകടങ്ങളോട് പ്രതികരിക്കുന്നതിനുള്ള സമിതി: GO (Rt) No. 542/14/ID dated 26-05-2014.
- ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി: GO (Rt) No. 453/2021/DMD dated 3-6-2021

## ഉപദേശക സമിതികൾ

- ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ വിദഗ്ദ്ധ സംഘം: GO (Rt) No. 356/2020/DMD dated 17-03-2020
- മണ്ണിടിച്ചിൽ/ഉരുപൊട്ടൽ മേഖലയിലെ ഗൃഹ നിർമ്മാണം: GO (Rt) No. 644/2018/DMD dated 30-11-2018
- മിനിമം റിലീഫ് കോഡ്: GO (Ms) No. 7/2018/DMD dated 21-6-2018
- സ്കൂൾ സുരക്ഷ: GO (Rt) No. 271/2018/DMD dated 11-05-2018
- ദുരന്ത പ്രതികരണ കാര്യക്ഷമത വർദ്ധിപ്പിക്കൽ: GO (Rt) No. 86/2017/DMD dated 12-12-2017
- ഭൂമി കുലുക്ക പ്രതിരോധ നിർമ്മാണം: GO (Rt) No. 1299/2015/DMD dated 12-03-2015
- മുല്ലപ്പെരിയാർ ദുരന്ത ലഘൂകരണം: GO (Rt) No. 6084/2011/DMD dated 17-12-2011

## ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ

ദുരന്ത നിവാരണ നിയമം 2005ൽ നിഷ്കർഷിക്കുന്നത് പ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനത്തിലൂടെ 14 ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. ദേശീയ-സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതികളും, മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് അതാത് ജില്ലകളിൽ ദുരന്ത നിവാരണ ആസൂത്രണം, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കൽ, അടിയന്തിരഘട്ട പ്രവർത്തന ഏകോപനം, ദുരന്ത പ്രതികരണ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന അവബോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, ദുരന്ത മുന്നറിയിപ്പ് സംവിധാനം സ്ഥാപിച്ച് പരിപാലിക്കൽ, പൊതുജനങ്ങൾക്ക് ദുരന്ത മുന്നറിയിപ്പ് എത്തിക്കുക, തദ്ദേശ സ്ഥാപനങ്ങൾക്കും, വിവിധ വകുപ്പുകൾക്കും ദുരന്ത ലഘൂകരണത്തിന് ആവശ്യമായ നിർദ്ദേശം നൽകൽ എന്നിവ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിൽ നിക്ഷിപ്തമായ

കർത്തവ്യമാണ്. ജില്ലാ തലത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃതപത്തിൽ, പോലീസ്, റവന്യൂ, അഗ്നി സുരക്ഷ എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജില്ലാ കളക്ടർ | അധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻ | സഹ-അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Co-Chairman) |
| ഡെപ്യൂട്ടി കളക്ടർ, ദുരന്ത നിവാരണം (തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ)/ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് (കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്) | മുഖ്യ ഭരണനിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer) |
| ജില്ലാ പോലീസ് മേധാവി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ജില്ലാ മെഡിക്കൽ ഓഫീസർ | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ജില്ലാ അഗ്നി സുരക്ഷാ ഓഫീസർ | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ഒരു ജില്ലാ തല ഉദ്യോഗസ്ഥൻ അംഗം [(എക്സ്-ഒഫിഷ്യോ) (Member)] | തിരുവനന്തപുരം - എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ ജലസേചനം |
| | പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ - പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| | കൊല്ലം, ആലപ്പുഴ, കാസർഗോഡ് - ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് |
| | കോട്ടയം - ജില്ലാ സപ്ലൈ ഓഫീസർ |
| | ഇടുക്കി, തൃശൂർ - എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതു മരാമത്ത് |
| | പാലക്കാട് - എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലമ്പുഴ |
| | എറണാകുളം – റവന്യൂ ഡിവിഷണൽ ഓഫീസർ, ഫോർട്ട് കൊച്ചി |

# Contents

1. പ്രവർത്തനങ്ങൾ ....... 15

1.1 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം ....... 15

1.2 സംസ്ഥാന ദുരന്ത പ്രതികരണ നിധി, ദുരന്തങ്ങളുടെ ഡാറ്റാബേസിനെക്കുറിച്ച് താലൂക്ക്/വില്ലേജ്/റവന്യൂ ജീവനക്കാർക്കും നൽകിയ പരിശീലന പരിപാടി 15

1.3 ജില്ലാ IAGയുമായി ചേർന്ന് നടന്ന ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണ പരിശീലനം ....... 16

1.4 അടിയന്തര പ്രവർത്തനങ്ങൾക്കായി ജില്ലാ അടിയന്തിര ഘട്ട കാര്യ നിർവഹണ കേന്ദ്രങ്ങൾക്കായിയുള്ള പരിശീലനം ....... 16

1.5 ദുരന്ത നിവാരണത്തിനായി റിമോട്ട് സെൻസിങ് പരിശീലനം ....... 17

1.6 കാട്ടുതീ തടയാനായി സംസ്ഥാനതല ഓൺലൈൻ പരിശീലന പരിപാടി 18

1.7 വെള്ളപ്പൊക്കത്തെയും ഉരുൾപൊട്ടലിനെയും കുറിച്ച് സംസ്ഥാനതല ഫീൽഡ് മോക്ക് ഡ്രിൽ ....... 18

1.8 ആപ്ദാ മിത്ര സന്നദ്ധ പ്രവർത്തകർക്കുള്ള പരിശീലന പരിപാടി ....... 19

1.9 സ്കൂൾ സുരക്ഷാ പരിശീലന പരിപാടി - പത്തനംതിട്ട ജില്ല ....... 21

1.10 സ്കൂൾ സുരക്ഷാ പരിശീലന പരിപാടി - തൃശൂർ ജില്ല ....... 21

1.11 സ്കൂൾ സുരക്ഷാ ബോധവൽക്കരണം - വയനാട് ജില്ല ....... 22

1.12 കോവിഡ്/ഓമിക്രോൺ പ്രതിരോധ പ്രവർത്തനങ്ങളിൽ എൻ.എസ്.എസ് പ്രവർത്തകർക്കുള്ള പരിശീലന പരിപാടി ....... 23

1.13 സതീർഥ്യൻ - കുട്ടികൾക്കായുള്ള ഉഷ്ണകാല ദുരന്ത ലഘൂകരണ ബോധവത്കരണ പരിപാടി ....... 24

1.14 എലിവേറ്റർ സുരക്ഷ ബോധവത്ക്കരണ പരിശീലനം ....... 25

1.15 ജടായുപ്പാറയിൽ ഭൂകമ്പത്തിൽ ഒരു മോക്ക് എക്സർസൈസ് സംഘടിപ്പിച്ചു 26

1.16 കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് റോവർ, റെയിഞ്ചർ റെസ്ക്യൂ ടീം പരിശീലന പരിപാടി ....... 27

1.17 സമഗ്ര ജല വിഭവ പരിപാലനവും ദുരന്ത അതിജീവനശേഷി വർദ്ധിപ്പിക്കാനുള്ള പരുപാടി ....... 28

1.18 കോവിഡ്19 - സ്കൂൾ അധ്യാപകർക്കും കുട്ടികൾക്കും സുരക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ വെബിനാർ ....... 29

1.19 അപകട രഹിത വിദ്യാലയങ്ങൾ ....... 29

1.20 സ്കൂൾ സുരക്ഷ പരിശീലന പരിപാടി ....... 31

1.21 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം - കാസറഗോഡ് ....... 32

1.22 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം........................................ 33
1.23 നവജീവൻ പദ്ധതി - "പരിശീലകർക്ക് വേണ്ടിയുള്ള പരിശീലനം" ...... 33
1.24 സ്കൂൾ സുരക്ഷാ ബോധവൽക്കരണ പരിപാടി - കോട്ടയം .................. 34
1.25 ഓറഞ്ച് ബുക്ക് ഓഫ് ഡിസാസ്റ്റർ മാനേജ്മെൻറ് 2 (കാലവർഷ-തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗരേഖ) 2021 .................................................. 35
1.26 ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണ ഏകദിന ശില്പശാല ...... 36
1.27 ജലസുരക്ഷാ ബോധവൽകരണ ക്യാംപയിൻ............................................. 37
1.28 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ദ്രുത പ്രതികരണ സേന (ERT) അംഗങ്ങൾ രൂപീകരണവും പരിശീലനവും..................................................... 38
1.29 എമർജൻസി റെസ്പോൺസ് ടീം (ERT) പരിശീലന കൈപ്പുസ്തകം........ 39
1.30 മണ്ണിടിച്ചിൽ അപകട സാധ്യത ലഘൂകരണം പരിശീലനം .................... 39
1.31 ദുരന്ത പ്രതികരണ നേതൃത്വ പരിശീലനം .................................................. 40
1.32 മലപ്പുറം - IRS പരിശീലന പരിപാടി ................................................................ 41
1.33 കണ്ണൂർ - ജില്ലാ-താലൂക്ക് IRS - ഉദ്യോഗസ്ഥർക്കുള്ള ഓൺലൈൻ പരിശീലന പരിപാടി.................................................................................................................. 42
1.34 തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള മണ്ണിടിച്ചിൽ സാധ്യതാ ലഘൂകരണ പരിശീലനം ......................................................................................... 42
1.35 കോവിഡ് 19 മൂന്നാം തരംഗത്തിന്റെ മോഡലിംഗ് സംബന്ധിച്ച മീറ്റിംഗ് 43
1.36 മൺസൂൺ മുന്നൊരുക്കത്തിന്റെ ഭാഗമായി നടന്ന ടോക്ക് സീരീസ് 44
1.37 ഇടിമിന്നൽ ദുരന്ത ലഘൂകരണ ക്യാമ്പയിൻ 2021 ...................................... 44
1.38 ലോക പരിസ്ഥിതിദിന ആഘോഷം............................................................ 45
1.39 സതീർത്ഥ്യൻ - കുട്ടികൾക്കുള്ള ഓൺലൈൻ ക്യാമ്പ് ............................ 46
1.40 ഓക്സിജൻ ചോർച്ച സംഭവിക്കുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ നടപടികൾ സംബന്ധിച്ച മാർഗ്ഗരേഖ ................................................................................... 47
1.41 സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും റാപിഡ് സേഫ്റ്റി ഓഡിറ്റ് നടത്താൻ സർക്കാർ നിർദ്ദേശം................................................................................................ 47
1.42 NCRMP-II വിവിധോദ്ദേശ്യ അഭയകേന്ദ്ര പരിപാലനം................................ 48
1.43 UNICEF-KSDMA സംയുക്ത പദ്ധതി............................................................ 48
1.44 Travancore Titanium Products Ltd-ൽ 2021 ഫെബ്രുവരി 10-ന് നടന്ന ഫർണസ് ഓയിൽ ചോർച്ചയെ അടിസ്ഥാനമാക്കി തയ്യാറാക്കിയ തന്ത്രപരമായ പരിസ്ഥിതി ആഘാത വിലയിരുത്തൽ (SEIA) റിപോർട്ട്....................................................................... 49
1.45 ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം (IRS) ഹാൻഡ്ബുക്ക്....................... 50
1.46 പട്ടിക വർഗ്ഗ ഉന്നതികളിലെ ദുരന്ത ലഘൂകരണ പദ്ധതികൾ ............... 50
1.47 നെടർലൻഡ്സ്–കേരള: Digital Cooperation Seminar series .................................. 51

1.48 ദുരന്ത ലഘൂകരണം സംബന്ധിച്ച യൂട്യൂബ് ചർച്ചാ സീരീസ് ................. 52
1.49 ആപതാ മിത്ര - കോട്ടയം - പദ്ധതി പൂർത്തീകരണ റിപോർട്ട്............... 53
1.50 2021ലെ ഉരുൾപൊട്ടലുകൾ ........................................................................ 54
1.51 ഭിന്നശേഷി സൌഹൃത ദുരന്ത ലഘൂകരണം - ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ അംഗീകാരം ........................................................................ 54
1.52 2021ലെ വരൾച്ചാ അവലോകന റിപോർട്ട്.................................................... 55
1.53 വേനൽക്കാല ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ................................. 55
1.54 ഇടിമിന്നൽ........................................................................................... 57
1.55 തദ്ദേശ സ്വയംഭരണ സ്ഥാപന തല ദുരന്ത നിവാരണ പദ്ധതികളുടെ സംയുക്ത അവലോകന റിപ്പോർട്ട് ........................................................................ 58
1.56 പുരസ്കാരം ............................................................................................ 60
1.57 സന്ദർശനം - ലോക ബാങ്ക് ........................................................................ 60
1.58 നെടർലൻഡ്സ്–കേരള നാലാമത്തെ റൗണ്ട് ടേബിൾ ചർച്ച ......................... 60
1.59 ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി.......................................................... 61
1.60 സംസ്ഥാനതല ടെലികോം ദുരന്ത ഏകോപന സമിതി ............................ 62
1.61 ടൗട്ടെ ചുഴലിക്കാറ്റ്.................................................................................. 63
സാമ്പത്തിക വിനിയോഗം 2021-2022 ........................................................ 64
ഉപസംഹാരം ........................................................................................... 66

# 1. പ്രവർത്തനങ്ങൾ


## 1.1 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം

2021-22 സാമ്പത്തിക വർഷത്തിൽ 11-5-2021, 12-5-2021, 23-9-2021, 3-12-2021, 7-2-2022 എന്നീ ദിവസങ്ങളിൽ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം ചേർന്നിട്ടുണ്ട്.

## 1.2 സംസ്ഥാന ദുരന്ത പ്രതികരണ നിധി, ദുരന്തങ്ങളുടെ ഡാറ്റാബേസിനെക്കുറിച്ച് താലൂക്ക്/വില്ലേജ്/റവന്യൂ ജീവനക്കാർക്കും നൽകിയ പരിശീലന പരിപാടി

ജില്ലാ/താലൂക്ക്/വില്ലേജ് തലത്തിലുള്ള എല്ലാ റവന്യൂ ഉദ്യോഗസ്ഥർക്കും ദുരന്ത നിവാരണത്തിനുള്ള ഓറഞ്ച് പുസ്തകം സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ ഉപയോഗം എന്നിവയെക്കുറിച്ച് ഓൺലൈൻ പരിശീലനം നടത്താൻ 2022 ഫെബ്രുവരി 9ന് ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന റവന്യൂ സെക്രട്ടേറിയറ്റ് യോഗത്തിൽ തീരുമാനിച്ചു. തുടർന്ന് പരിശീലന പരിപാടി നടത്തുന്നതിന് വിശദമായ പദ്ധതിരേഖ തയ്യാറാക്കി. KSEOC അംഗങ്ങളെയാണ് റിസോഴ്സ് പേഴ്സൺസായി നിശ്ചയിച്ചത്. മീറ്റിംഗിന്റെ ലിങ്ക് അടി ങ്ങയ കത്ത് എല്ലാ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയക്കും അയിച്ചു നൽകി. 2022 മാർച്ച് 7 മുതൽ ഏപ്രിൽ 26 വരെ രണ്ട് സെഷനുകളിലായാണ് പരിശീലനം ക്രമീകരിച്ചത്.

ഹസാർഡ് അനലിസ്റ്റ് എൻവയോൺമെന്റ്, ശ്രീമതി അമൃത ദുരന്തനിവാരണത്തിൽ ഡാറ്റാബേസുകളുടെ പ്രാധാന്യം, ദുരന്തങ്ങളുടെ ചരിത്രം, ദുരന്ത വിശദാംശങ്ങൾ (നഷ്ടം, മരണം മുതലായവ) നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ, ദുരന്ത സമയത്ത് ഉപയോഗിക്കാൻ കഴിയുന്ന വിഭവ സമാഹാരത്തിന്റെ വിവരങ്ങൾ, ദുർബല പ്രദേശങ്ങളുടെ വിവരങ്ങൾ, ദുർബലരായ ആളുകളുടെ വിവരങ്ങൾ, സന്നദ്ധപ്രവർത്തകരുടെ വിവരങ്ങൾ, ഡാറ്റാബേസ് ആശയവിനിമയ സംവിധാനങ്ങൾ, കാലാവസ്ഥാ വിവരങ്ങളുടെ ഡാറ്റാ ബേസ് മുതലായ കാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്തു. കൂടുതൽ വിവരങ്ങൾക്കായി https://shorturl.at/yR5Wh ഈ ലിങ്ക് പരിശോധിക്കുക.



## 1.3 ജില്ലാ IAGയുമായി ചേർന്ന് നടന്ന ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണ പരിശീലനം






സംസ്ഥാന ദുരന്ത നിവാരണ അതോററ്റിയുടെയും സ്പിയർ ഇന്ത്യയുടേയും CBMന്റേയും ഇന്റർ ഏജൻസി ഗ്രൂപ്പിന്റെയും കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ തെള്ളകം ചൈതന്യയിൽ ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണ ദ്വിദിന ശില്പശാല 2022 മാർച്ച് 30, 31 തീയതികളിൽ സംഘടിപ്പിച്ചു. സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മല ജിമ്മി നിർവഹിച്ചു. ദുരന്ത നിവാരണ അതോറിറ്റി സ്റ്റേറ്റ് കോർഡിനേറ്റർ ഡോ.പ്രതീഷ് സി മാമ്മൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സ്പിയർ ഇന്ത്യ സ്റ്റേറ്റ് പ്രൊജക്റ്റ് കോഓർഡിനേറ്റർ പി. വിജീഷ്, കെ.എസ്.എസ്.എസ് പ്രോഗ്രാം ഓഫീസർ ഷൈല തോമസ് എന്നിവർ പ്രസംഗിച്ചു.

ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി ഡയറക്ടർ ഡോ. പി.ടി. ബാബു രാജ്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ ജോ ജോൺ ജോർജ്, റിസോഴ്സ് പേഴ്സൺ അഭിയാൻ ഷാൻലിയാൻ എന്നിവർ ക്ലാസുകൾ നയിച്ചു. കെ. എസ്.എസ്.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ, സ്പിയർ ഇന്ത്യ പ്രതിനിധികളായ പി. വിജീഷ്, മിഥുൻ പി. ചന്ദ്രബാബു എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി. ഭിന്നശേഷിയുള്ളവരെയും ഇതര പരിഗണന അർഹിക്കുന്ന വിഭാഗങ്ങളെയും ഉൾചേർത്തുകൊണ്ടുള്ള ദുരന്ത നിവാരണ ലഘൂകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് പരിശീലനം സംഘടിപ്പിച്ചത്. കൂടുതൽ വിവരങ്ങൾക്കായി https://shorturl.at/OW3bY ഈ ലിങ്ക് പരിശോധിക്കുക.

## 1.4 അടിയന്തര പ്രവർത്തനങ്ങൾക്കായി ജില്ലാ അടിയന്തിര ഘട്ട കാര്യ നിർവഹണ കേന്ദ്രങ്ങൾക്കായിയുള്ള പരിശീലനം

അടിയന്തിര ഘട്ട കാര്യ നിർവഹണ കേന്ദ്ര പ്രവർത്തനങ്ങൾക്കു വൈദഗ്ധ്യവും വളർത്തി എടുക്കാൻ ജില്ലാ അടിയന്തിര ഘട്ട കാര്യ നിർവഹണ കേന്ദ്രത്തിലെ

ഉദ്യോഗസ്ഥർക്കു വേണ്ടി ഒരു പരിശീലന പരിപാടി നടത്താനായി കോട്ടയം ജില്ലാ കളക്ടർ 2021 ജൂലൈ മാസം കത്ത് അയിച്ചു അറിയ്ക്കുകയുണ്ടായി. തുടർന്ന് സംസ്ഥാനത്തെ എല്ലാ ജില്ലാ അടിയന്തിര ഘട്ട കാര്യ നിർവഹണ കേന്ദ്രം ദുരന്തം പ്രതികരണ കാര്യക്ഷമത ശക്തിപ്പെടുത്തനായി പരിശീലന പരിപാടി നടത്താൻ തീരുമാനിച്ചു. ശ്രീ ക്ലിന്റ് മാത്യു, സോഷ്യൽ കപ്പാസിറ്റി ബിൽഡിംഗ് സ്പെഷ്യലിസ്റ്റ്, പരിശീലന പരുപാടിയുടെ പ്ലാൻ തയ്യാറാക്കി, ശ്രീ നിഖിൽ എസ്.ഹസാർഡ് അനലിസ്റ്റ് (ഫോറസ്ട്രി) പരുപാടിയുടെ വിശദമായ പ്രോഗ്രാം ഷെഡ്യൂൾ വികസിപ്പിച്ചെടുത്തു.

2022 മാർച്ച് 18-ന് രാവിലെ 11 മണിക്ക് പരിശീലനം ആരംഭിച്ചു. ഹസാർഡ് അനലിസ്റ്റ് ശ്രീ നിഖിൽ എസ് (ഫോറസ്ട്രി) പരിപാടിയിൽ പങ്കെടുത്തവരെയും റിസോഴ്സ് പേഴ്സൺമാരെയും സ്വാഗതം ചെയ്തു. തുടർന്ന് പരിശീലന പരിപാടിയുടെ ലക്ഷ്യങ്ങളും പ്രാധാന്യവും അവതരിപ്പിച്ചു. കൂടുതൽ വിവരങ്ങൾക്കായി https://shorturl.at/Ib4uZ ഈ ലിങ്ക് പരിശോധിക്കുക.

## 1.5 ദുരന്ത നിവാരണത്തിനായി റിമോട്ട് സെൻസിങ് പരിശീലനം


ദുരന്ത നിവാരണത്തിൽ റിമോട്ട് സെൻസിങ്ങിന്റെ പ്രയോഗത്തിന്റെ ഓൺലൈൻ പരിശീലനം 2022 മാർച്ച് 21ന് രാവിലെ 11:30 AM മുതൽ 1:00 മണി വരെ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ഡോ. കരുണാകരൻ അഖിൽ ദേവ്, ദുരന്ത നിവാരണം കൺസൾട്ടന്റ് അവതരിപ്പിച്ചു. ശ്രീ. ക്ലിന്റ് മാത്യു, സോഷ്യൽ കപ്പാസിറ്റി ബിൽഡിംഗ് സ്പെഷ്യലിസ്റ്റ് പരുപാടിയിൽ സ്വാഗതം ആശംസിച്ചു.

റിമോട്ട് സെൻസിംഗിൽ ദുരന്ത നിവാരണത്തിനുള്ള പ്രയോഗങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ ഉണർത്തുന്നതിനാണ് പൊതുജനങ്ങൾക്കായി ഈ പരിശീലനം സംഘടിപ്പിച്ചത്. ഓൺലൈനിൽ നടത്തിയ പരിശീലനം പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ഒരുപാട് പേർക്ക് പങ്കെടുക്കാനും സാധിച്ചു. പരിശീലനത്തിൽ കോളേജ്, യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾ, സർക്കാർ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവർ പങ്കെടുത്ത്. 38 പേർ പരുപാടിയിൽ പങ്കെടുത്തു. ദുരന്തങ്ങളെ കുറിച്ചുള്ള കാഴച്പ്പാട്, ദുരന്തനിവാരണം, റിമോട്ട് സെൻസിംഗിന്റെ അടിസ്ഥാനഘടകങ്ങൾ, വ്യത്യസ്ഥ ദുരന്ത സന്ദർഭത്തിൽ റിമോട്ട് സെൻസിംഗിന്റെ പ്രയോജനം ദുരന്തങ്ങളുടെ വിലയിരുത്തൽ സംവിധാനം, റിമോട്ട് സെൻസിംഗിന്റെ സാങ്കേതിക വിദ്യകൾ എന്നിവ ഈ പരിശീലനത്തിലൂടെ അവതരിപ്പിച്ചു.

കൂടുതൽ വിവരങ്ങൾക്കായി https://shorturl.at/MUgEj ഈ ലിങ്ക് പരിശോധിക്കുക.

## 1.6 കാട്ടുതീ തടയാനായി സംസ്ഥാനതല ഓൺലൈൻ പരിശീലന പരിപാടി

ചൂട് കൂടുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ഹസാർഡ് അനലിസ്റ്റ് (ഫോറസ്ട്രി) കാട്ടുതീ സംബന്ധിച്ച് ബോധവൽക്കരണ പരിപാടി നടത്താനുള്ള നിർദ്ദേശം മുന്നോട്ടുവച്ചു. ഇതിന്റെ ഭാഗമായി കാട്ടുതീയുടെ ചരിത്രപരമായ ആവർത്തനവും കാട്ടുതീ സാധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തീരുമാനിച്ചു. ഇതിനായി സംസ്ഥാനതല കാട്ടുതീ തടയാനായി വകുപ്പ് മേധാവികൾക്കും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും മറ്റ് അധികാരികൾക്കും വേണ്ടിയുള്ള ഓൺലൈൻ പരിശീലന പരിപാടി 2022 മാർച്ച് 17 രാവിലെ 11 മണി മുതൽ ഉച്ചക്ക് 1 മണി വരെ നടന്നു.




കേരള വനം വകുപ്പിൽ കാട്ടുതീ ചരിത്രത്തെക്കുറിച്ച് LSG തിരിച്ചുള്ള ഡാറ്റ ലഭ്യമല്ലാത്തതിനാൽ, രാജ്യത്തെ കാട്ടുതീയെക്കുറിച്ചുള്ള വിവരങ്ങൾ നാസയുടെ സൈറ്റിൽ നിന്നും ശേഖരിച്ചു. ജിയോ ഡാറ്റാബേസിലെ ഡാറ്റ GIS toolsന്റെ സഹായത്തോടെ കഴിഞ്ഞ 12 വർഷത്തെ കാലയളവിനുള്ളിൽ ഏറ്റവും കൂടുതൽ കാട്ടുതീ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനം കണ്ടെത്തി റാങ്ക് ചെയ്തു. ഇതിൽ 20 റാങ്ക് ഉള്ളിൽ ഉള്ള LSG-കൾക്ക് ബോധവൽക്കരണ പരിശീലന പരിപാടിയ്ക്കായി തിരഞ്ഞെടുത്തു. കൂടുതൽ വിവരങ്ങൾക്കായി https://shorturl.at/FBNPS ഈ ലിങ്ക് പരിശോധിക്കുക.

## 1.7 വെള്ളപ്പൊക്കത്തെയും ഉരുൾപൊട്ടലിനെയും കുറിച്ച് സംസ്ഥാനതല ഫീൽഡ് മോക്ക് ഡ്രിൽ

അടിയന്തര പ്രതികരണത്തിനായി പരിഷ്കരിച്ച ഓറഞ്ച് ബുക്കിൽ IRS നടപ്പിലാക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ടേബിൾ ടോപ്പ് വ്യായാമവും ഫീൽഡ് വ്യായാമവും നടത്താൻ തീരുമാനിച്ചു. 10-3-2022 ന് നടന്ന ടേബിൾ ടോപ്പ് വ്യായാമം ബഹുമാനപ്പെട്ട റവന്യൂ മന്ത്രി ഉദ്ഘാടനം

ചെയ്തു. ഈ പരുപാടിക്ക് നേതൃത്വം നൽകിയത് ബ്രിജ്. ബി എസ് താക്കർ (റിട്ട.), കൺസൾട്ടന്റ് (ME & IRS), NDMA. കമ്മീഷണർ, ദുരന്ത നിവാരണം, മെമ്പർ സെക്രട്ടറി, കെഎസ്ഡിഎംഎ, ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ്, ജലസേചന പ്രതിനിധികൾ, IMD, KSEB, NDRF, 14 ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിലെയും 78 താലൂക്കുകളിലെയും IRT അംഗങ്ങൾ പരുപാടിയിൽ പങ്കെടുത്തു.

ബോധവൽക്കരണവും ഓറിയന്റേഷൻ പരിപാടി NDMA, NDRF, IMD, CWC, KSEOC, സിവിൽ ഡിഫൻസ് എന്നിവർ ചേർന്നാണ് സംഘടിപ്പിച്ചത്.





ഈ അവതരണങ്ങൾക്ക് ശേഷം, വിവിധ IRT അംഗങ്ങളുടെ പങ്കനെയും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച 10 സാഹചര്യങ്ങൾ അനുകരിക്കപ്പെട്ടു. താലുക്ക്-ജില്ലാ-സംസ്ഥാന എന്നിവയിലെ IRT അംഗങ്ങളിൽ നിന്നും അനുയോജ്യമായ പ്രതികരണ സമയവും ഉത്തരങ്ങളും വിലയിരുത്തപ്പെട്ടു. മോക്ക് എക്സർസൈസിന് ശേഷം എല്ലാ ജില്ലകളിലെയും ഇൻസിഡന്റ് റെസ്പോൺസ് ടീമുകൾക്ക് (IRTs) ദുരന്ത പ്രതികരണത്തിലുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കാനായി രണ്ടാഴ്ചക്കു ഉള്ളിൽ പരിശീലനം നടത്താൻ നിർദ്ദേശം നൽകി.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2022/04/FloodLandslide2022.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.8 ആപ്ദാ മിത്ര സന്നദ്ധ പ്രവർത്തകർക്കുള്ള പരിശീലന പരിപാടി

ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ പദ്ധതിയായ ആപ്ദാ മിത്ര കേരളത്തിലെ കോട്ടയം ജില്ലയിൽ 200 സന്നദ്ധ പ്രവർത്തകർക്കായി 2018 ൽ തുടങ്ങിയിരുന്നു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, കോട്ടയം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഫയർ ആൻഡ് റെസ്ക്യൂ എന്നിവരുടെ നേതൃത്വത്തിൽ ഈ സന്നദ്ധപ്രവർത്തകർക്ക് വിദഗ്ദ്ധമായ പരിശീലനങ്ങൾ വിവിധ ഘട്ടങ്ങളായി നടത്തി വന്നിരുന്നു. ഇവരുടെ സേവനം ജില്ലയിലെ വിവിധ ദുരന്തങ്ങളിൽ കഴിഞ്ഞ വർഷങ്ങളിൽ ലഭ്യമായിരുന്നു. ഈ വർഷം

ഈ പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുള്ള തീരുമാനം സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. 4300 സന്നദ്ധ പ്രവർത്തകരാണ് അടുത്ത ഘട്ടത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കോട്ടയം, പാമ്പാടി, ചങ്ങനാശ്ശേരി, കടുത്തുരുത്തി, വൈക്കം, പാലാ, ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി യൂണിറ്റുകളുടെ കീഴിൽവരുന്ന ആപ്ദാ മിത്ര സന്നദ്ധ പ്രവർത്തകർക്കായുള്ള ഏകദിന പരിശീലനം ചങ്ങനാശ്ശേരി, കടുത്തുരുത്തി, പാലാ ഫയർ സ്റ്റേഷനുകളിലായി 2022 മാർച്ച് 16,17,18 തീയതികളിലായി നടത്തി.



16.03.2022 ബുധനാഴ്ച ചങ്ങനാശ്ശേരിയിൽ വച്ചുനടന്ന പരിപാടിയുടെ ഉദ്ഘാടനം കോട്ടയം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും എ.ഡി.എമ്മുമായ ശ്രീമതി. ജിനു പൊന്നൂസ് നിർവഹിച്ചു. ഉദ്ഘാടന ചടങ്ങിൽ ശ്രീ. ജോ ജോൺ ജോർജ്, സ്റ്റേറ്റ് പ്രൊജക്റ്റ് ഓഫീസർ, കെ.എസ്.ഡി.എം.എ; ശ്രീ. സജിമോൻ ജോസഫ്, സ്റ്റേഷൻ ഓഫീസർ, ചങ്ങനാശ്ശേരി; ശ്രീ. ബിജു മാത്യു ജൂനിയർ സൂപ്രണ്ട്, കോട്ടയം; ശ്രീ. ക്ലിന്റ് മാത്യു, കപ്പാസിറ്റി ബിൽഡിങ് സ്പെഷ്യലിസ്റ്റ്, കെ.എസ്.ഡി.എം.എ എന്നിവർ സംസാരിച്ചു. പരിശീലനത്തിന്റെ ആദ്യത്തെ സെഷനിൽ ആധുനിക അഗ്നിശമന മാർഗങ്ങൾ, ദുരന്ത സമയങ്ങളിലെ പ്രഥമ ശുശ്രൂഷ എന്നീ വിഷയങ്ങളെക്കുറിച് ശ്രീ. സജിമോൻ ജോസഫ് ക്ലാസ് എടുത്തു. രണ്ടാമത്തെ സെഷനിൽ ശ്രീ. ജിൽസ് വർഗീസ് നേതൃത്വ വികസനത്തെക്കുറിച്ചും ആശയ വിനിമയത്തെ കുറിച്ചും ക്ലാസ് എടുത്തു. ആപ്ദാ മിത്രയുടെ തുടർ പ്രവർത്തനങ്ങളെ കുറിച്ചുള്ള ചർച്ചയ്ക്ക് ശ്രീ ജോ ജോർജ് നേതൃത്വം നൽകി. 3 ദിവസങ്ങളിലുമായി പരിശീലന പരിപാടിയിൽ ആപദമിത്ര സന്നദ്ധ പ്രവർത്തകരും, ഫയർ ആൻഡ് റെസ്ക്യൂ ഉദ്യോഗസ്ഥരുമുൾപ്പെടെ 150 ഓളം

പേർ പങ്കെടുത്തു. കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2022/04/appdamitra-report-pdf.pdf ഈ ലിങ്ക് പരിശോധിക്കുക.

### 1.9 സ്കൂൾ സുരക്ഷാ പരിശീലന പരിപാടി - പത്തനംതിട്ട ജില്ല

പത്തനംതിട്ട ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ജില്ല വിദ്യാഭ്യാസ വകുപ്പ് സംയുക്തമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സാങ്കേതിക പിന്തുണയോട് സ്കൂൾ സുരക്ഷാ ബോധവൽക്കരണ പരിപാടി 2022 മാർച്ച് 3ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. കോവിഡ് 19 കാരണം പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിലെ നിലവിലുള്ള പരിമിതികൾ കണക്കിലെടുത്ത് ഈ പരിപാടി രണ്ട് മണിക്കൂർ ദൈർഘ്യമുള്ള ഒരു ഓൺലൈൻ പ്ലാറ്റ്ഫോമിൽ ഷെഡ്യൂൾ ചെയ്തു.

ശ്രീ. ക്ലിന്റ് മാത്യു കപ്പാസിറ്റി ബിൽഡിങ് സ്പെഷ്യലിസ്റ്റ്, കെഎസ്ഡിഎംഎ, ശ്രീമതി ഇന്ദു. വി, ആർക്കിടെക്റ്റ്, കെഎസ്ഡിഎംഎ സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട് സെഷനുകൾ കൈകാര്യം ചെയ്തു. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർമാർ, ഹെഡ്മാസ്റ്റർമാർ സ്കൂൾ തല സുരക്ഷാ കോ-ഓർഡിനേറ്റർമാരും സെഷനുകളിൽ പങ്കെടുത്തു. ആകെ 564 പേർ പരുപാടിയിൽ പങ്കെടുത്ത്. ദുരന്തങ്ങളുടെ ആഘാത തീവ്രത വർധിക്കുന്ന സാഹചര്യത്തിൽ പരിശീലന പരിപാടി വളരെ വിജ്ഞാനപ്രദവും സമകാലിക പ്രസക്തിയുള്ളതുമായിരുന്നു.

കൂടുതൽ വിവരങ്ങൾക്കായി https://shorturl.at/wcMc3 ഈ ലിങ്ക് പരിശോധിക്കുക.

### 1.10 സ്കൂൾ സുരക്ഷാ പരിശീലന പരിപാടി - തൃശൂർ ജില്ല

തൃശൂർ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും ജില്ലാ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സാങ്കേതിക പിന്തുണയോടെ സ്കൂൾ സുരക്ഷാ ബോധവൽക്കരണ പരിപാടി 2022 ഫെബ്രുവരി 21-ന് രാവിലെ 11.00 മണി മുതൽ 1.30 മണി വരെ തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. കോവിഡ് 19 കാരണം പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിലെ നിലവിലുള്ള പരിമിതികൾ

കണക്കിലെടുത്ത് ഈ പരിപാടി രണ്ട് മണിക്കൂർ ദൈർഘ്യമുള്ള ഒരു ഓൺലൈൻ പ്ലാറ്റ്ഫോമിൽ ഷെഡ്യൂൾ ചെയ്തു.

ശ്രീ. മദനമോഹനൻ ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസവകുപ്പ് പരുപാടിയിൽ സ്വാഗതം ആശംസിച്ചു. തൃശൂർ ജില്ലാ കളക്ടർ ശ്രീമതി. ഹരിത വി. കുമാർ ഐഎഎസ് പരിപാടി ഉദ്ഘാടനം നിർവഹിച്ചു. ശ്രീ. ജോ ജോൺ ജോർജ്ജ് സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ, കെഎസ്ഡിഎംഎ, ശ്രീമതി ഇന്ദു വി, ആർക്കിടെക്റ്റ് കെഎസ്ഡിഎംഎ എന്നിവർ സെഷനുകൾ കൈകാര്യം ചെയ്തു. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, അസി വിദ്യാഭ്യാസ ഓഫീസർ ഹെഡ്മാസ്റ്റർമാർ പരിപാടിയിൽ പങ്കെടുത്തു. ആകെ 720 പേർ പരുപാടിയിൽ പങ്കെടുത്ത്. ദുരന്തങ്ങളുടെ ആഘാത തീവ്രത വർധിക്കുന്ന സാഹചര്യത്തിൽ പരിശീലന പരിപാടി വളരെ വിജ്ഞാനപ്രദവും സമകാലിക പ്രസക്തിയുള്ളതുമായിരുന്നു.


കൂടുതൽ വിവരങ്ങൾക്കായി https://shorturl.at/JG8UU ഈ ലിങ്ക് പരിശോധിക്കുക.

### 1.11 സ്കൂൾ സുരക്ഷാ ബോധവൽക്കരണം - വയനാട് ജില്ല

ഉത്തരവാദിത്വമുള്ള പൗരന്മാരെ സൃഷ്ടിക്കുന്നതിനുള്ള നിർണായക ഘടകങ്ങളാണ് ഓരോ സ്കൂളുകൾ. ഫലപ്രദമായ അധ്യാപനത്തിനും പഠനത്തിനും സുരക്ഷിതമായ അന്തരീക്ഷം വളരെ പ്രാധാന്യം ഉള്ളതാണ്. മഴക്കാലത്ത് വയനാട് ജില്ലയിൽ പകുതി സ്കൂളുകളും ദുരിതാശ്വാസ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതാണ്. സ്കൂൾ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രാഥമിക നടപടിയായി എല്ലാ സ്കൂളുകളിലെയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ജില്ലാതല സ്കൂൾ സുരക്ഷാ ഉപദേശക സമിതി 29/06/2018 രൂപീകരിച്ചു. 07/12/2021ന് ചേർന്ന കമ്മിറ്റിയിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും സ്കൂൾ സുരക്ഷാ ബോധവൽക്കരണ പരിപാടി ഫെബ്രുവരി സംഘടിപ്പിക്കാനും തീരുമാനിച്ചു.

ഇക്കാര്യത്തിൽ വയനാട് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും ജില്ലാ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സാങ്കേതിക പിന്തുണയോടെ സ്കൂൾ സുരക്ഷാ ബോധവൽക്കരണ പരിപാടി 2022 ഫെബ്രുവരി 10-ന് തിരുവനന്തപുരത്ത്

സംഘടിപ്പിച്ചു. കോവിഡ് 19 കാരണം പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിലെ നിലവിലുള്ള പരിമിതികൾ ഉള്ളതിനാൽ ഈ പരിപാടി മൂന്ന് മണിക്കൂർ ദൈർഘ്യമുള്ള ഒരു ഓൺലൈൻ പ്ലാറ്റ്ഫോമിൽ ഷെഡ്യൂൾ ചെയ്തു. സ്കൂൾ അധ്യാപകർ, പ്രിൻസിപ്പൽമാർ, ഹെഡ്മാസ്റ്റർമാർ പരിപാടിയിൽ പങ്കെടുത്തത്. ഡോ. പ്രതീഷ് സി മാമ്മൻ KSDMA- UNICEF സ്റ്റേറ്റ് പ്രോഗ്രാം





കോർഡിനേറ്റർ, ശ്രീമതി ഇന്ദു വി- ആർക്കിടെക്റ്റ്, ശ്രീ ഹരിനാരായണൻ - സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ സെഷനുകൾ കൈകാര്യം ചെയ്തു. ആകെ സെഷനിൽ 1105 പേർ പരുപാടിയിൽ പങ്കെടുത്ത്. ദുരന്തങ്ങളുടെ ആഘാത തീവ്രത വർധിക്കുന്ന സാഹചര്യത്തിൽ പരിശീലന പരിപാടി വളരെ വിജ്ഞാനപ്രദവും സമകാലിക പ്രസക്തിയുള്ളതുമായിരുന്നു.

കൂടുതൽ വിവരങ്ങൾക്കായി https://shorturl.at/3RH5c ഈ ലിങ്ക് പരിശോധിക്കുക.

### 1.12 കോവിഡ്/ഓമിക്രോൺ പ്രതിരോധ പ്രവർത്തനങ്ങളിൽ എൻ.എസ്.എസ് പ്രവർത്തകർക്കുള്ള പരിശീലന പരിപാടി

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും നാഷണൽ സർവീസ് സ്കീം (NSS) സംയുക്തമായി എൻ.എസ്.എസ് സന്നദ്ധ പ്രവർത്തകർക്കായി കോവിഡ്/ഓമിക്രോൺ പ്രതിരോധ പ്രവർത്തനങ്ങളിൽ എൻ.എസ്.എസ് പ്രവർത്തകരുടെ പങ്ക് എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. 2022 ഫെബ്രുവരി 3, വ്യാഴാഴ്ച രാവിലെ 10 മണി മുതൽ 12 മണി വരെ നടന്ന ഓൺലൈൻ പരിശീലന പരിപാടിയിൽ വിവിധ ജില്ലകളിലെ 840ൽ അധികം വരുന്ന എൻ.എസ്.എസ് പ്രവർത്തകർ പങ്കെടുത്തു. പരിപാടിയുടെ ഉദ്ഘാടനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് നിർവഹിച്ചു. എൻ.എസ്.എസ് സംസ്ഥാന ഓഫീസർ ഡോ. അൻസർ ആർ.എൻ പരിപാടിയിൽ അധ്യക്ഷത വഹിച്ചു.

ഡോ. അനീഷ് ടി.എസ് (അസ്സോസിയേറ്റ് പ്രൊഫെസ്സർ, കമ്മ്യൂണിറ്റി മെഡിസിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം) ക്ളാസ് എടുത്തു. കോവിഡ് മൂന്നാം തരംഗത്തിൽ എൻ.എസ്.എസ് പ്രവർത്തകരുടെ പങ്കിനെകുറിച്ചും, കോവിഡ് വാരിയർസ് എന്ന രീതിയിൽ പ്രവർത്തിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ചും ചർച്ച ചെയ്തു.


എൻ എസ് എസ് പ്രവർത്തകർ സന്നദ്ധ പ്രവർത്തന രംഗത്തെ ഔദ്യോഗിക സംവിധാനമായ സാമൂഹിക സന്നദ്ധ സേനയിൽ അംഗങ്ങൾ ആകുന്നതിനെ കുറിച്ചും സംസാരിച്ചു. ശ്രീ. ജോ ജോൺ ജോർജ്, സ്റ്റേറ്റ് പ്രൊജക്റ്റ് ഓഫീസർ കെ കെ.എസ്.ഡി.എം.എ; ശ്രീ. ബ്രഹ്മ നായക്, എൻ.എസ്.എസ് കോ-ഓർഡിനേറ്റർ; പ്രസൂൺ മംഗലത്ത്, എൻ.എസ്.എസ് RRT കോർഡിനേറ്റർ എന്നിവർ സംസാരിച്ചു. പരിശീലന പരിപാടി 12 മണിയോടെ സമാപിച്ചു.

കൂടുതൽ വിവരങ്ങൾക്കായി https://shorturl.at/xImLD ഈ ലിങ്ക് പരിശോധിക്കുക.

### 1.13 സതീർഥ്യൻ - കുട്ടികൾക്കായുള്ള ഉഷ്ണകാല ദുരന്ത ലഘൂകരണ ബോധവത്കരണ പരിപാടി

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും യൂണിസെഫും സംയുക്തമായി കുട്ടികൾക്കായി ഉഷ്ണകാല ദുരന്ത ലഘൂകരണ മാർഗങ്ങളെക്കുറിച്ചുള്ള ഓൺലൈൻ ബോധവത്കരണ പരിശീലന പരിപാടി സംഘടിപ്പിച്ചു. പാവകളി രൂപത്തിൽ 2022 ഫെബ്രുവരി 25,26,27 ദിവസങ്ങളിലായി വൈകുന്നേരം 05.30 മുതൽ 06.30 വരെ സംഘടിപ്പിച്ച ബോധവത്കരണ പരിശീലന പരിപാടിയിൽ ജല സുരക്ഷ, വരൾച്ച, ജല സംരക്ഷണം, സൂര്യാതാപം എന്നീ വിഷയങ്ങളെക്കുറിച് പാവകളി കലാകാരനും അധ്യാപകനുമായ ശ്രീ. ഫെലിക്സ് ജോഫ്റി ക്ളാസ്സുകൾ എടുത്തു. രസകരമായ കഥകളും പാട്ടുകളും നർമ സംഭാഷണങ്ങളും

ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിപാടിയിൽ വിവിധ ജില്ലകളിൽ നിന്നുള്ള കുട്ടികൾ പങ്കെടുത്തു.



കുട്ടികൾക്കുള്ള ടാസ്കുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവത്കരണ പരിപാടിയിൽ അവർ ഏറെ താത്പര്യത്തോടെ പങ്കെടുത്തു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ഹസാർഡ് അനലിസ്റ്റ്മാരായ ശ്രീമതി ലക്ഷ്മി വി. ശ്രീ. സത്യകുമാർ സി ജെ, ശ്രീ. ഫഹദ് മർസൂഖ് എന്നിവർ സെഷൻസ് മോഡറേറ്റ് ചെയ്തു. പ്രസ്തുത പരിപാടിയിൽ കുട്ടികൾക്കായി ടാസ്കുകൾ നൽകുകയും കുട്ടികൾ ടാസ്കുകൾ ചെയ്ത് ദുരന്ത നിവാരണ അതോറിറ്റിയിലേക്ക് അയച്ചു നൽകുകയും ചെയ്തു. മൂന്ന് ദിവസങ്ങളിലായി 127 കുട്ടികൾ പരിപാടിയിൽ പങ്കെടുത്തു.



കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2022/04/Satheerthyan-2report-pdf.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.14 എലിവേറ്റർ സുരക്ഷ ബോധവത്ക്കരണ പരിശീലനം

ഏറ്റവും സുരക്ഷിതമായ ഗതാഗത മാർഗ്ഗങ്ങളിലൊന്നായ എലിവേറ്ററുകൾ. ഇവ എങ്ങനെ ശരിയായി ഓടിക്കാം, എലിവേറ്റർ കുടുങ്ങിയാൽ എന്തുചെയ്യണം എന്നതും എലിവേറ്ററുകളുടെയും എസ്കലേറ്ററുകളുടെയും ചലിക്കുന്ന ഭാഗങ്ങൾക്കിടയിൽ തൊഴിലാളികൾ കുടുങ്ങിപോകുന്നതുമായ ബന്ധപ്പെട്ട സുരക്ഷാ മുൻകരുതലുകളും, എലിവേറ്റർ, എസ്കലേറ്റർ എന്നിവയുമായി ബന്ധപ്പെട്ട മരണങ്ങൾ തടയുന്നതിനുള്ള ശുപാർശയും ജീവനക്കാർക്ക് ബോധവൽക്കരണ പരിശീലനമായി നൽകി.

തൊഴിൽ സ്ഥലത്തെ സുരക്ഷാ പരിശീലനത്തിന്റെ ഭാഗമായി സുരക്ഷാ വിഭാഗം TK എലിവേറ്റർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ സഹായത്തോടെ

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ജീവനക്കാർക്ക് എലിവേറ്ററിന് കുറിച്ച് ബോധവത്കരണ പരിശീലനം നൽകി. 2021 ഡിസംബർ 21ന് മൂന്ന് മണിക്ക് ആരംഭിച്ച പരിശീലനം ഏകദേശം രണ്ട് മണിക്കൂർ നീണ്ടുനിന്നു.

### 1.15 ജടായുപ്പാറയിൽ ഭൂകമ്പത്തിൽ ഒരു മോക്ക് എക്സർസൈസ് സംഘടിപ്പിച്ചു

ദേശീയ ദുരന്ത പ്രതികരണ സേനയുടെ നിർദ്ദേശപ്രകാരം ഭൂകമ്പത്തിന് ഒരു മോക്ക് എക്സർസൈസ് ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി (തകർന്ന ഘടന തിരയലും രക്ഷാപ്രവർത്തനവും) 2021 ഡിസംബർ 2 ന് കൊട്ടാരക്കരയിലെ ജഡായു എർത്ത്സ് സെന്ററിൽ വെച്ച് നടത്തി.

മോക്ക് ഡ്രില്ലിലൂടെ അടിയന്തര പ്രതികരണത്തിന്റെ കാര്യക്ഷമത പ്രായോഗികമായി പരിശോധിച്ചാണ് വിലയിരുത്തൽ. ജഡായു പാറയിൽ നടത്തിയ മോക്ഡ്രില്ലിൽ ജില്ലയിലെ എല്ലാ സംവിധാനങ്ങളും



ക്രിയാത്മകമായി ഇടപെട്ടു. ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൻ കൂടിയായ ജില്ലാ കളക്ടറുടെ നേതൃത്വത്തിലാണ് രക്ഷാപ്രവത്തനങ്ങളും നടത്തിയത്.

കൊട്ടാരക്കര പ്രഭവകേന്ദ്രമായ സാങ്കല്പിക ഭൂകമ്പം റിക്ടർ സ്കെയിൽ രേഖപ്പെടുത്തിയത് 6.7.ജഡായുപ്പാറയിലെ രണ്ടു കെട്ടിടങ്ങളാണ് തകർന്നു വീണത്. 10 പേർ കെട്ടിടത്തിനുള്ളിലും. ഈ സാഹചര്യം നേരിടുന്നതിനുള്ള മോക്ഡ്രിൽ വഴി അപകട സാഹചര്യം നേരിടുന്നതിന്റെ ഓരോഘട്ടവും പ്രാവർത്തികമായി പരിശോധിക്കുകയായിരുന്നു. അപകട മുന്നറിയിപ്പിനുള്ള



അലാം ആദ്യം തന്നെ മുഴങ്ങി. ജഡായു എർത്ത് സെന്ററിലെ സുരക്ഷാ ജീവനക്കാർ ആദ്യഘട്ട രക്ഷാപ്രവർത്തനത്തിന് ഗുരുതരമായ അപകട വിവരം ജില്ലാ ഭരണ കൂടത്തെയും പൊലീസിനെയും അറിയിക്കുന്നു.


പൊലീസും അഗ്നിസുരക്ഷാ സേനയും സന്നദ്ധ പ്രവർത്തകരും ആരോഗ്യ സംഘവും രംഗത്ത് എത്തി കെട്ടിടത്തിൽ അകപ്പെട്ടവരെ പ്രാഥമിക ശുശ്രൂഷ നൽകി ആംബുലൻസിൽ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലേക്ക് കൊണ്ട് പോയി. രക്ഷപ്പെടുത്താൻ കഴിയാത്ത നാലുപേർ കൂടി കെട്ടിടത്തിനുള്ളിലുണ്ടെന്ന് വിവരം കാലവർഷക്കെടുതികൾ നേരിടാൻ കൊട്ടാരക്കരയിൽ തമ്പടിച്ചിരുന്ന എൻഡിആർഎഫ് അറിയിച്ചു. NDRF ഇടപെടലിനായി ജില്ലാ കളക്ടറുടെ നിർദ്ദേശം നൽകി. ഇവർ കെട്ടിടത്തിൽ കുടുങ്ങിയവരെ വലിയ ബീമുകൾ മുറിച്ചുമാറ്റി രക്ഷപ്പെടുത്തുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശാനുസരണം വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കിയാണ് രക്ഷാപ്രവർത്തനം പൂർത്തിയാക്കിയത്. രക്ഷാപ്രവർത്തനത്തിലുടനീളം ജില്ലാ കളക്ടർ പങ്കെടുത്തു. അപകട സാഹചര്യത്തിൽ ആശയക്കുഴപ്പങ്ങൾ ഇല്ലാതെ പ്രവർത്തിക്കുന്നതിന് എല്ലാ വിഭാഗത്തിനും കഴിഞ്ഞുവെന്ന് വിലയിരുത്തി. കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2022/02/jadayu_mock_drill_on_02.12.2021.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.16 കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് റോവർ, റെയിഞ്ചർ റെസ്ക്യൂ ടീം പരിശീലന പരിപാടി

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ്ന്റെയും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ കേരളത്തിലെ റോവർ, റെയിഞ്ചർ യുവ ലീഡർമാരെ ഉൾപ്പെടുത്തി സ്കൗട്ട് ഗൈഡ് റെസ്ക്യൂ ടീം രൂപീകരിക്കുകയും, അവർക്കായി ദുരന്ത നിവാരണ അതോറിറ്റിയുടെ മൂന്ന് ദിവസത്തെ പരിശീലനം 2021 നവംബർ 6, 7, 8 തീയ്യതികളിൽ ഓൺലൈനായി നടത്തുകയും ചെയ്തു.

പരിശീലന പരിപാടിയുടെ ഉദ്ഘാടനം നവംബർ ആറാം തീയതി രാവിലെ 10.30ന് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കമ്മീഷണറായ ഡോ. എ. കൗശികൻ (ഐ.എ.എസ്) നിർവ്വഹിച്ചു. ചടങ്ങിൽ

കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ് സംസ്ഥാന കമ്മീഷണർ ശ്രീ. പ്രൊഫസർ ഇ. യു. രാജൻ അധ്യക്ഷത വഹിച്ചു. കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് സംസ്ഥാന സെക്രട്ടറി ശ്രീ. എൻ. കെ. പ്രഭാകരൻ സ്വാഗതം ആശംസിച്ചു. 85 ഓളം ആളുകൾ പങ്കെടുത്ത ചടങ്ങിൽ കേരളാ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ ശ്രീ. ജോ ജോൺ ജോർജ് നന്ദി രേഖപ്പെടുത്തി.




കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2022/01/Training-for-Rangers-and-Rovers.pdf ഈ ലിങ്ക് പരിശോധിക്കുക.

### 1.17 സമഗ്ര ജല വിഭവ പരിപാലനവും ദുരന്ത അതിജീവനശേഷി വർദ്ധിപ്പിക്കാനുള്ള പരുപാടി

കേരളവും, നെതർലാൻഡ്സ് സർക്കാരും തമ്മിലുള്ള സാങ്കേതിക സഹകരണത്തിലെ ഒരു ഘടകമായ ദുരന്ത അതിജീവനശേഷി വർധനവും (Building Resilience), സമഗ്ര ജല വിഭവ പരിപാലനവും (Integrated Water Resource Management) Digital Cooperation Seminar series 25-11-2021, 26-11-2021 തീയതികളിൽ നടന്നു. ബഹു. റവന്യൂ മന്ത്രി ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഇന്ത്യയിലെ നെതർലാൻഡ്സ് കോൺസുലർ ജനറൽ, ഇന്ത്യൻ എംബസ്സി സെക്കൻഡ് സെക്രട്ടറി, ജലവിഭവ വകുപ്പ് സെക്രട്ടറി, ദുരന്ത നിവാരണ കമ്മീഷണർ എന്നിവർ പങ്കെടുത്തു. നെതർലാൻഡ്സ് സർക്കാർ, കേരള ജല വിഭവ വകുപ്പ്, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, നെതർലാൻഡിലെ, ടൻറെ സർവകലാശാലയിലെ ദുരന്ത അതിജീവനശേഷി (Centre for Disaster Resilience) സെൻറർ എന്നിവർ ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്. ദുരന്ത അതിജീവനശേഷി വർധനവും (Building Resilience), സമഗ്ര ജല വിഭവ പരിപാലനവും (Integrated Water Resource Management) എന്ന രണ്ടു

മേഖലയിലെയും വിദഗ്ദ്ധർ നെതർലാൻഡ്സ് ഈ വിഷയങ്ങളിൽ കൈവരിച്ച സാങ്കേതിക വൈഭവം അവതരിപ്പിച്ചു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2021/11/series.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.18 കോവിഡ്19 - സ്കൂൾ അധ്യാപകർക്കും കുട്ടികൾക്കും സുരക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ വെബിനാർ


രാജ്യത്തുടനീളം, സംസ്ഥാന സർക്കാരുകൾ അടുത്ത അധ്യയന വർഷത്തേക്ക് സ്കൂളുകൾ വീണ്ടും തുറക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയുമ്പോൾ കേരളത്തിൽ 2021 നവംബർ 1 മുതൽ സ്കൂളുകൾ വീണ്ടും തുറക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾ സുരക്ഷിതമായി തുറക്കാനും രോഗവ്യാപനം കുറയ്ക്കാനും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2021 ഒക്ടോബർ 30 നു വെബിനാർ സംഘടിപ്പിച്ചു.

UNICEF, Sphere India, IAG എന്നിവയുടെ സഹകരണത്തോടെയാണ് വെബിനാർ സംഘടിപ്പിച്ചത്. രക്ഷിതാക്കളും അധ്യാപകരും സ്വീകരിക്കേണ്ട മുൻകരുതലുകൾ ഡോക്ടർ അനീഷ് വിശദീകരിച്ചു. 193 പേർ വെബിനാറിൽ പങ്കെടുത്തു. സംസ്ഥാനത്തെ അന്നത്തെ കോവിഡ് നില കണക്കിലെടുത്ത് വെബിനാർ ഏറെ വിവരദായകവും സ്കൂൾ തുറക്കുന്നതിനു മുന്നോടിയായുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിന് ഏറെ സഹായകപ്രദവുമായിരുന്നു. കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2022/06/Back_to_School__jjg-converted.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.19 അപകട രഹിത വിദ്യാലയങ്ങൾ

ദീർഘ നാളത്തെ ഇടവേളക്ക് ശേഷം സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. കോവിഡ് മഹാമാരിയെ തുടർന്ന് അടച്ചു പൂട്ടിയ സ്കൂളുകളിൽ അദ്ധ്യയനം പുനരാരംഭിക്കുന്നതിന് മുന്നേ സ്കൂളുകളുടെ സുരക്ഷ ഉറപ്പ് വരുത്തേണ്ടത് അനുവാര്യമാണ്. സുപ്രധാനമായ ഈ ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ

വിദ്യാഭ്യാസ വകുപ്പും സംയുക്തമായി സ്കൂൾ  സുരക്ഷ സംബന്ധിച്ച് അധ്യാപകർക്കായി ഓൺലൈൻ ഏകദിന പരിശീലന പരിപാടി 22 ഒക്ടോബർ 2021ന് രാവിലെ 10.30ന് സംഘടിപ്പിച്ചു. 'അപകടരഹിത വിദ്യാലയങ്ങൾ' എന്ന പ്രമേയത്തിലൂന്നിയ പരിശീലന പരിപാടി പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. കോഴിക്കോട് ജില്ലാ കളക്ടർ ഡോ.നരസിംഹുഗാരി റ്റി.എൽ റെഡ്ഢി ഐഎഎസ് ഉദ്ഘാടനം ചെയ്തു. ജില്ലാ വിദ്യഭ്യാസ ഉപഡയറക്ടർ ശ്രീമതി മിനി വി.പി അദ്ധ്യക്ഷത വഹിച്ച പരിപാടിക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി സിഇഒ ശ്രീമതി.അനിത കുമാരി സ്വാഗതം ആശംസിച്ചു. ഹസാഡ് അനലിസ്റ്റ് ഫഹദ് മർസൂക്ക് പരിശീലന പരിപാടിയുടെ മോഡറേറ്ററായി.





കെ.എസ്.ഡി.എം.എ.യൂണിസെഫ് പ്രൊജക്റ്റ് കോർഡിനേറ്റർ ഡോ. പ്രതീഷ് സി മാമനും കെ.എസ്.ഡി.എം.എയുടെ ആർക്കിടെക്റ്റ് Ar. ഇന്ദു.വിയും ചേർന്നാണ് ക്ലാസുകൾ നയിച്ചത്. NCRMP കോഴിക്കോട് ജില്ലാ കോർഡിനേറ്റർ ശ്രീമതി. റംഷീന പരിപാടിക്ക് നന്ദി പ്രകാശിപ്പിച്ചു.

സ്കൂൾ ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കേണ്ടതിൻറെ ആവശ്യകതയും മാതൃകകളും ഡോ.പ്രതീഷ് മാമൻ പരിചയപ്പെടുത്തി. സമഗ്ര വിദ്യാലയ സുരക്ഷ ഒരു പ്രധാന അജണ്ടയായി മാറേണ്ടതിൻറെ പ്രാധാന്യം വിശദീകരിച്ചു. ദേശീയ മാർഗ രേഖകളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി പ്രസിദ്ധീകരിച്ച കൈപുസ്തകവും പരിചയപ്പെടുത്തി. കോവിഡ് പശ്ചാത്തലത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളും അദ്ദേഹം വിശദീകരിച്ചു. വിദ്യഭ്യാസ ഓഫീസർമാരും പ്രധാന അധ്യാപകരും സ്കൂൾ സേഫ്റ്റി ചുമതലയുള്ള അദ്ധ്യാപകരുമായിരുന്നു പരിശീലനത്തിൽ പങ്കാളികളായത്. ഉച്ച ഒരുമണി വരെ നീണ്ടുനിന്ന പരിശീലന പരിപാടിയിൽ 441 സ്ത്രീകളും 365 പുരുഷന്മാരുമുൾപ്പെടെ ആകെ 806 ആളുകൾ പങ്കെടുത്തു. കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-

content/uploads/2022/06/School_safety_Training_Programme_Report_Calicut_22.10.2021.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.20 സ്കൂൾ സുരക്ഷ പരിശീലന പരിപാടി

സ്കൂൾ തുറക്കുന്നതിന് മുമ്പ് എല്ലാ സ്കൂളുകളിലും സുരക്ഷാ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനുള്ള പ്രാഥമിക നടപടിയായി ഇടുക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും & ജില്ലാ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ഏകദിന സ്കൂൾ സുരക്ഷാ ബോധവത്കരണം സംഘടിപ്പിച്ചു.




സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സാങ്കേതിക പിന്തുണയോടെയുള്ള ബോധവൽക്കരണ പരിപാടി 2021 ഒക്ടോബർ 30-ന് കോവിഡ്-19 കാരണം പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള പരിമിതികൾ പരിഗണിച്ച് രണ്ടര മണിക്കൂർ ദൈർഘ്യമുള്ള ഒരു ഓൺലൈൻ പ്ലാറ്റ്ഫോമിൽ ആണ് പരിപാടി നടത്തിയത്.

ഡോ. പ്രതീഷ് സി മാമ്മൻ, സംസ്ഥാന പ്രോജക്ക് കോ-ഓർഡിനേറ്റർ, യുണിസെഫ്, ശ്രീമതി ഇന്ദു വി. ആർക്കിടെക്റ്റ് റീബിൽറ്റ് കേരള ഇനിഷ്യേറ്റീവ് സെഷനുകൾ കൈകാര്യം ചെയ്തു. ജില്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥർ, അസിസ്റ്റന്റ് എജ്യുക്കേഷൻ ഓഫീസർമാർ, ഹെഡ് മാസ്റ്റർമാർ, സ്കൂൾ പ്രിൻസിപ്പൽമാർ എന്നിവർ ഉൾപ്പെടെ പരിപാടിയിൽ ആകെ 246 പേർ പങ്കെടുത്തു. ദുരന്തങ്ങളുടെ ആഘാത തീവ്രത വർധിക്കുന്ന സാഹചര്യത്തിൽ പരിശീലന പരുപാടി വളരെ വിജ്ഞാനപ്രദവും സമകാലിക പ്രസക്തിയുള്ളതുമായിരുന്നു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2022/06/School_Safety_Training_Programme_report_-Idukki__30.10.2021.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.21 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം - കാസറഗോഡ്

കോവിഡ് 19 നിയന്ത്രണ നടപടികളുടെ ഭാഗമായി അടച്ചിട്ട സ്കൂളുകൾ നവംബർ 01 മുതൽ വീണ്ടും തുറക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. അക്കാദമിക് സെഷനുകൾക്കിടയിലുള്ള ഇത്രയും നീണ്ട ഇടവേള വളരെ വിരളമായി സംഭവിക്കുന്നതിനാൽ, ഫലപ്രദമായ ഒരു പഠന അന്തരീക്ഷത്തിനായി സ്കൂളുകൾ, വിദ്യാർത്ഥികൾ, അധ്യാപകർ, അനധ്യാപക ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ മതിയായ തയ്യാറെടുപ്പ് ആവശ്യമാണ്. കോവിഡ് 19 പശ്ചാത്തലത്തിൽ അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണത്തിന്റെ ഭാഗമായി കാസറഗോഡ് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും സംയുക്തമായി ജില്ലാ വിദ്യാഭ്യാസ വകുപ്പും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് ജില്ലയിലെ എല്ലാ പൊതുവിദ്യാലയങ്ങളിലെയും പ്രിൻസിപ്പൽമാർക്കും ഹെഡ് മാസ്റ്റർമാർക്കും അപകട രഹിത വിദ്യാലയങ്ങൾ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം 2021 ഒക്ടോബർ 13 നു രാവിലെ 11.30ന് സംഘടിപ്പിച്ചു.

ഡെപ്യൂട്ടി കളക്ടർ (എൻഡോസൾഫാൻ സെൽ), കളക്ടറേറ്റ്, കാസറഗോഡ് ശ്രീ. സജീദ് എസ് പരിപാടി ഉദ്ഘാടനം ചെയ്തു. കാസറഗോഡ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി പുഷ്പ കെ.വി. ഉദ്ഘാടന സമ്മേളനത്തിന്റെ അധ്യക്ഷത വഹിച്ചു. കാസറഗോഡ്, ജില്ലാ അടിയന്തിര ഘട്ട കാര്യ നിർവഹണ കേന്ദ്രത്തിലെ (ഡി.ഇ.ഒ.സി.) ഹസാർഡ് അനലിസ്റ്റ് ആയ ശ്രീ. പ്രേം ജി പ്രകാശ് മോഡറേറ്ററായും, സെഷനിലെ എല്ലാ വിശിഷ്ട വ്യക്തികൾക്കും പങ്കെടുക്കുന്നവർക്കും സ്വാഗതം അറിയിച്ചു. പ്രതീഷ് സി മാമ്മൻ, യുണിസെഫ് പ്രോജക്ട് കോർഡിനേറ്റർ, കെഎസ്ഡിഎംഎ, ശ്രീമതി ഇന്ദു വി. ആർക്കിടെക്റ്റ് എന്നിവർ പരിശീലന സെഷനുകൾ കൈകാര്യം ചെയ്തു. കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2022/06/School_Safety_Training_Programme_Report_Kasargode_13.10.2021.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.22 അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണം

അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനാചരണത്തിന്റെ ഭാഗമായി 2021 ഒക്ടോബർ 13-ന് കെഎസ്ഡിഎംഎയിലെ എല്ലാ ഉദ്യോഗസ്ഥർക്കുമായി ഓഫീസ് പരിസരത്ത് ഒരു മീറ്റിംഗ് സംഘടിപ്പിച്ചു. യുണിസെഫിന്റെ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. പ്രതീഷ് സി മാമ്മൻ പങ്കെടുത്തവരെയും മുഖ്യ പ്രഭാഷകരെയും സ്വാഗതം ചെയ്തു. യോഗത്തിൽ കെഎസ്ഡിഎംഎ അഡ്മിനിസ്ട്രേറ്റീവ് മാനേജർ ബൈജു ജി അധ്യക്ഷനായി. തന്റെ ഹ്രസ്വമായ അധ്യക്ഷ പ്രസംഗത്തിൽ, കാലാവസ്ഥാ രീതികളിലെ മാറ്റത്തിന്റെ നിലവിലെ സാഹചര്യത്തിൽ ഇത്തരം ദിനങ്ങൾ ആചരിക്കുന്നതിന്റെ പ്രസക്തിയെക്കുറിച്ച് വിശദീകരിച്ചു.



## 1.23 നവജീവൻ പദ്ധതി - "പരിശീലകർക്ക് വേണ്ടിയുള്ള പരിശീലനം"

കേരളത്തിലെ 14-ൽ 13 ജില്ലകളിലും നടപ്പാക്കുന്ന Caritas ഇന്ത്യയുടെ ഒരു പ്രധാന പരിപാടിയാണ് നവജീവൻ. കേരളത്തിലെ പ്രതിരോധശേഷിയുള്ള സമൂഹങ്ങൾ കെട്ടിപ്പടുക്കുക എന്നതാണ് ഉദ്ദേശ്യലക്ഷ്യം. ഈ പദ്ധതിക്ക് നാല് പ്രധാന ഫലങ്ങൾ ഉണ്ട്. ഉപജീവനമാർഗം പുനഃസ്ഥാപനവും പ്രതിരോധശേഷി വർധിപ്പിക്കുക, ദുരന്ത ക്ലിനിക്കുകൾ, സുധാർ - കേരളത്തിലെ കുടിയേറ്റക്കാരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, സന്നദ്ധപ്രവർത്തനവും വിഭവസമാഹരണവും വർധിപ്പിക്കുക എന്നിവ കേന്ദ്രീകരിച്ചാണ് നവജീവൻ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിയിലൂടെ സാമൂഹിക ദുരന്തസാധ്യത ലഘൂകരണവും വികസന പ്രതിരോധശേഷിയും വർധിക്കുക എന്നതാണ് പ്രധാന സമീപനമായി കണക്കാക്കുന്നത്. നവജീവന്റെ ഒരു ഘടകഭാഗമായ ദുരന്ത ക്ലിനിക്കുകൾ Caritas ഇന്ത്യയുടെ 31 പ്രാദേശിക പങ്കാളി സംഘടനകൾ 13-ൽ ജില്ലാകളിൽ ആയി ഉടനീളം പ്രവർത്തിക്കുന്നു. 310 തദ്ദേശ



സ്ഥാപനങ്ങളിലായി 310 ദുരന്ത വിവരങ്ങളും വിഭവ കേന്ദ്രങ്ങളും സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നത്. ഇത് ദുരന്ത സമയത്ത് ആദ്യം പ്രതികരിക്കുന്നവരുടെ മനുഷ്യവിഭവശേഷിയുടെ ശേഷി ശക്തിപ്പെടുത്തുന്നതിന് സാഹയിക്കുന്നു.

വികസന സംഘടനായ Foundation for Development Action (FDA) സഹകരിച്ച് Caritas ഇന്ത്യ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സാങ്കേതിക സഹായത്തോടെ ദുരന്തസാധ്യത ലഘൂകരണക്കുറിച്ചുള്ള ToT സംഘടിപ്പിച്ചത്. 26ന് ഒക്ടോബർ 2021ന് ToT-DRR-ന്റെ ഒരു ഉദ്ഘാടന ചടങ്ങ് ADS-ലെ കർമ്മസദനിൽ വെച്ച് നടന്നു. Caritas ഇന്ത്യയുടെ പ്രോഗ്രാം അസോസിയേറ്റ് ആയ ശ്രീമതി സിബി പൗലോസ് ദുരന്ത ലഘൂകരണ പരിശീലനത്തെ കുറിച്ചും ഇത്തരത്തിലുള്ള പരിശീലനങ്ങൾ എങ്ങനെ കൃത്യമായ ദുരന്ത ലഘൂകരണ സംവിധാനങ്ങളെ സഹായിക്കും എന്ന് ആമുഖമായി പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു. Caritas ഇന്ത്യ നവജീവൻ പ്രോഗ്രാമിന്റെ ശ്രീ. ആംസ്ട്രോങ് അലക്സാണ്ടർ, ദുരന്ത ലഘൂകരണ ആശയങ്ങൾ പങ്കുവെച്ചു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2021/11/ToT_DRR-Training_Completion_Report-Draft_19112021.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.24 സ്കൂൾ സുരക്ഷാ ബോധവൽക്കരണ പരിപാടി - കോട്ടയം

കോട്ടയം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സാങ്കേതിക പിന്തുണയോടെ സ്കൂൾ സുരക്ഷാ ബോധവൽക്കരണ പരിപാടി 2021 സെപ്റ്റംബർ 8, 9 തീയതികളിൽ സംഘടിപ്പിച്ചു. കോവിഡ് 19 കാരണം പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിലെ നിലവിലെ പരിമിതികൾ കണക്കിലെടുത്താണ് രണ്ട് മണിക്കൂർ ദൈർഘ്യമുള്ള ഒരു ഓൺലൈൻ പ്ലാറ്റ്ഫോമിലാണ് ബോധവൽക്കരണ പരിപാടി നടന്നത്.

കെഎസ്ഡിഎംഎ-യുണിസെഫ് സംസ്ഥാന പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ.പ്രതീഷ് സി മാമ്മൻ സ്കൂൾ സുരക്ഷയെക്കുറിച്ചുള്ള സെഷനുകൾ കൈകാര്യം ചെയ്തു. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ,


അസിസ്റ്റന്റ്  വിദ്യാഭ്യാസ ഓഫീസർമാർ, ഹെഡ് മാസ്റ്റർമാർ, സ്കൂൾതല സുരക്ഷാ സംഘാടകർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. പങ്കെടുത്തവരുടെ ആകെ എണ്ണം 1240 ആയിരുന്നു. ദുരന്തങ്ങളുടെ ആഘാത തീവ്രത വർധിക്കുന്ന സാഹചര്യത്തിൽ പരിശീലന പരിപാടി വളരെ വിജ്ഞാനപ്രദവും സമകാലിക പ്രസക്തിയുള്ളതുമായിരുന്നു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2021/09/School_safety_training_report_1-converted.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.25 ഓറഞ്ച് ബുക്ക് ഓഫ് ഡിസാസ്റ്റർ മാനേജ്മെൻറ് 2 (കാലവർഷ-തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗരേഖ) 2021

2018 ലെ മഹാപ്രളയനാന്തരം പ്രളയാനുഭവങ്ങളുടെ കൂടി അടിസ്ഥാനത്തിൽ 2019ലെ മൺസൂൺ സീസണിന് മുന്നോടിയായുള്ള തയ്യാറെടുപ്പുകൾ കൂടുതൽ മികവുറ്റതാക്കിയിരുന്നു. ഇതിൻറെ ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്കും പൊതുജനങ്ങൾക്കും എല്ലാം ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിൽ വിശദമായ മൺസൂൺ തയ്യാറെടുപ്പ്, പ്രതികരണ പ്രവർത്തന മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചു. ഇത്തരത്തിൽ സമഗ്രമായ ഒരു മാർഗ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കപ്പെടുന്നത് രാജ്യത്ത് തന്നെ ആദ്യമാണ്.

കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ മൺസൂൺ  പ്രവചനം, വിവിധ അന്തർദേശീയ-ദേശീയ ഏജൻസികളിലു നിന്നും സ്വകാര്യ ഏജൻസികളിൽ നിന്നും ലഭ്യമായ മഴ സാധ്യത പ്രവചനങ്ങൾ, പ്രതീക്ഷിക്കേണ്ട ദുരന്തങ്ങൾ, ഇവ സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ എവിടുന്ന് ലഭ്യമാകും, പ്രവചനങ്ങളെയും മുന്നറിയിപ്പുകളെയും മനസ്സിലാക്കേണ്ട വിധം, ന്യൂനമർദവും ചുഴലിക്കാറ്റും സംബന്ധിച്ച വിവരങ്ങൾ, വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ, രക്ഷാസേനകൾക്കുള്ള നിർദേശങ്ങൾ,




രക്ഷാപ്രവർത്തനത്തിനുള്ള മാർഗനിർദേശങ്ങൾ തുടങ്ങി ജൂൺ മുതൽ ഡിസംബർ വരെയുള്ള മൺസൂൺ സീസണിലെ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് സംസ്ഥനത്ത് നടക്കേണ്ട പ്രവർത്തനങ്ങളുടെ വ്യക്തവും വിശദവുമായ മാർഗ്ഗരേഖയാണ് ഓറഞ്ച് ബുക്ക്. എല്ലാ വർഷവും മെയ്-ജൂൺ മാസത്തിൽ ആണ് ഓറഞ്ച് ബുക്ക് പ്രസിദ്ധീകരിക്കുന്നത്. 2019ൽ ആണ് ആദ്യ പതിപ്പ് പ്രസിദ്ധീകരിച്ചത്. 2020, രണ്ടാം പതിപ്പും (https://shorturl.at/1Q2t5), 2021ൽ മൂന്നാം പതിപ്പും (https://shorturl.at/10Mj2) പ്രസിദ്ധീകരിച്ചു.

### 1.26 ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണ ഏകദിന ശില്പശാല

നിരാലംബരും, അധഃസ്ഥിതരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന NGOയായ പീസ് വാലി KSDMA സഹായത്തോടെ ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണമായി ബന്ധപ്പെട്ട പ്രായോഗിക സെഷനോടുകൂടിയ ഒരു ഏകദിന ശില്പശാല 2021 ഓഗസ്റ്റ് 8 നു കോതമംഗലം നെല്ലിക്കുഴിയിലെ പീസ് വാലി ക്യാമ്പസ്സിൽ സംഘടിപ്പിച്ചു. ആദ്യ സെഷനിൽ എറണാകുളത്തെ ഹസാർഡ് അനലിസ്റ്റ് ഡോ. ശ്രീജ എം യു മുഖ്യപ്രഭാഷണം നടത്തി. പരിശീലനത്തിൽ 40 സന്നദ്ധപ്രവർത്തകർ പങ്കെടുത്തു. കൊവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് ടീം രണ്ടായി തിരിച്ചാണ് പരിശീലനം നടത്തിയത്. കൂടുതൽ വിവരങ്ങൾക്കായി https://shorturl.at/zrEHb ഈ ലിങ്ക് പരിശോധിക്കുക.

## 1.27 ജലസുരക്ഷാ ബോധവൽകരണ ക്യാംപയിൻ

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്തത്തിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ജലാസുരക്ഷ ബോധവൽക്കരണ പരിപാടിയുടെ തുടക്കം ലോക മുങ്ങിമരണ ലഘൂകരണ ദിനമായ 25 ജൂലൈ 2021 ആരംഭിച്ചു. ആകാശവാണിയുടെ എല്ലാ നിലയങ്ങൾ വഴിയും പ്രമുഖ എഫ്എം നിലയങ്ങൾ വഴിയും കമ്യൂണിറ്റി റേഡിയോ വഴിയും ജല സുരക്ഷാ സന്ദേശങ്ങൾ സംപ്രേക്ഷണം ചെയ്തുകൊണ്ട് പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചത്.

കേരളത്തിൽ മുങ്ങി മരണങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യം കണക്കിലെടുത്ത് അടുത്ത ഒരു വർഷം കൊണ്ട് വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് മുങ്ങിമരണങ്ങൾ പരമാവധി കുറക്കുക എന്നുള്ളതാണ് 'ജല ജാഗ്രത 2021' എന്ന പേരിൽ നടപ്പിലാക്കുന്ന ഈ ബോധവൽക്കരണ കാംപയിൻ' ലക്ഷ്യമിടുന്നത്. ആകാശവാണി നിലയങ്ങളിൽ 'ഡേ ബ്രാൻറിങ്' രീതിയിൽ ആയിരുന്നു പരിപാടികൾ സംപ്രേക്ഷണം ചെയ്തത്. ഓരോ ഇടവേളകളിൽ ജല സുരക്ഷയെ കുറിച്ചും, മുങ്ങി മരണങ്ങളെകുറിച്ചും, ജലാശയങ്ങളിൽ ഇറങ്ങുംപോള് ശ്രദ്ധികേണ്ട കാര്യങ്ങളെകുറിച്ചും, കുട്ടികളും മാതാപിതാക്കൻമ്മരും ശ്രദ്ധികേണ്ട കാര്യങ്ങൾ തുടങ്ങിയ സന്ദേശങ്ങൾ ക്രീയാത്മകമായ അവതരണത്തിലൂടെ സംപ്രേക്ഷണം ചെയ്യപ്പെട്ടു.




ജലാസുരക്ഷ ബോധവൽക്കരണ പരിപാടിയുടെ ആദ്യഘട്ടം വളരെ വിജയകരമായി നടപ്പിലാക്കി. ഒരുവർഷക്കാലം നീണ്ടുനിൽക്കുന്ന പരിപാടികൾ ആണ് ആസൂത്രണം ചെയ്തിട്ടുള്ളത്. തുടർന്നുള്ള പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2021/09/Radio_Programme_Report-1.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.28 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ദ്രുത പ്രതികരണ സേന (ERT) അംഗങ്ങൾ രൂപീകരണവും പരിശീലനവും

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 2019-2020 വർഷത്തേക്കുള്ള എല്ലാ LSG ദുരന്ത നിവാരണ പ്ലാനുകൾ രൂപപ്പെടുത്തിയിട്ടുണ്ട്. ഓരോ ദുരന്തങ്ങളോടും ആദ്യം പ്രതികരിക്കുന്നത് ആ പ്രദേശത്തെ ആളുകളാണെന്ന യാഥാർഥ്യത്തോട് ചേർന്ന് കൊണ്ട് തയ്യാറാക്കിയ തദ്ദേശ സ്ഥാപന തല ദുരന്ത നിവാരണ പദ്ധതികൾ




രാജ്യത്തു തന്നെ ആദ്യത്തെ അനുഭവമാണ്. മറ്റു മേഖലകളിൽ എന്ന പോലെ ദുരന്ത ലഘൂകരണത്തിലും കേരളത്തിന്റെ യശസ്സ് ഉയർത്തുന്നതിനും മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്നതിനും ഈ ചുവടുവയ്പ്പ് കാരണമായിട്ടുണ്ട്. ഇത്തരത്തിൽ തയ്യാറാക്കിയ തദ്ദേശ സ്ഥാപന തല ദുരന്ത നിവാരണ പദ്ധതികളിൽ അതാതു സ്ഥാപന പരിധിയിൽ ഉൾപ്പെട്ട ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് ദുരന്തത്തിന്റെ ആഘാതം ലഘൂകരിക്കുന്നതിനു വേണ്ടി, മുന്നറിയിപ്പ് നൽകുന്നതിന് ഒരു സംഘവും ദുരന്ത സമയത്തു തിരച്ചിൽ രക്ഷാ പ്രവർത്തന-ഒഴിപ്പിക്കലിനു വേണ്ടി ഒരു സംഘവും മാറ്റിപ്പാർപ്പിക്കുന്ന ആളുകളെ സഹായിക്കുന്നതിനായി ക്യാമ്പ് മാനേജ്മെന്റ് സംഘവും, പ്രഥമ ശുശ്രൂഷ നൽകുന്നതിനുള്ള മറ്റൊരു സംഘവും എന്നിങ്ങനെ 4 തരത്തിലുള്ള ദ്രുത പ്രതികരണ സേന രൂപീകരിക്കാൻ GO-കളുടെ അടിസ്ഥാനത്തിൽ എല്ലാ LSG-കളോട് ആവശ്യപ്പെട്ടു.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയും ജില്ലാ പ്ലാനിംഗ് ഓഫീസിന്റെയും പിന്തുണയോടെ ഒരു ഓൺലൈൻ പരിശീലനം ERT അംഗങ്ങൾക്ക് വേണ്ടി നടത്താൻ തീരുമാനിച്ചു. പ്രാരംഭ ഘട്ട TOT കെഎസ്ഡിഎംഎയും കിലയും ചേർന്നാണ് സംഘടിപ്പിച്ചത്. എല്ലാ ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാർ 18 ജൂൺ 2021-ന് നടന്ന TOTയിൽ പങ്കെടുത്തു. ഇതിനെത്തുടർന്ന്, PPT ടെംപ്ലേറ്റും,

കൈപ്പുസ്തകവും പരിശീലന വേളയിൽ റിസോഴ്സ് പേഴ്സൺമാർക്ക് നൽകി. മേയ് മുതൽ ജൂൺ 2021 വരെയായി നടന്ന ഓൺലൈൻ പരിശീലനത്തിൽ 13227 പേർ പങ്കെടുത്തു. കൂടുതൽ വിവരങ്ങൾക്കായി https://shorturl.at/wTAud ഈ ലിങ്ക് പരിശോധിക്കുക.

## 1.29 എമർജൻസി റെസ്പോൺസ് ടീം (ERT) പരിശീലന കൈപ്പുസ്തകം

കേരളത്തിലെ എല്ലാ പഞ്ചായത്തുകളും നഗര സ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ ദുരന്തനിവാരണ പദ്ധതിയുടെ ഭാഗമായി നാല് വിഭാഗങ്ങളിലായി ERT അംഗങ്ങളെ രൂപീകരിച്ചു:




🩺 ഫസ്റ്റ് എയ്ഡ്

📢 എർലി വാർണിംഗ് ഡിസെമിനേഷൻ

🚨 സെർച്ച്, റെസ്ക്യൂ & എവാകേഷൻ

⛺ ക്യാമ്പ് മാനേജ്മെന്റ്

2021 ജൂൺ-ജൂലൈ മാസങ്ങളിൽ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി ജില്ലാതല പരിശീലനങ്ങൾ നടന്നു. ഓരോ LSG-യിലും കുറഞ്ഞത് 40 അംഗങ്ങൾ ഉൾപ്പെടുന്ന ടീം രൂപീകരിക്കപ്പെട്ടു. പരിശീലനം Zoom വഴി നടന്നു, TOT (Training of Trainers) സെഷനുകൾ KSDMA-യും KILA-യും ചേർന്ന് സംഘടിപ്പിച്ചു. ഇവരെ പരിശീലിപ്പിക്കുന്നതിനായി കൈപുസ്തകം പ്രസിദ്ധീകരിച്ചു. ലിങ്ക് ഇവിടെ ലഭിക്കും https://tinyurl.com/msmpce5u.

## 1.30 മണ്ണിടിച്ചിൽ അപകട സാധ്യത ലഘൂകരണം പരിശീലനം

കാലവർഷത്തെ മുൻനിർത്തി കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും സാമൂഹിക സന്നധസേനയുടെ ഡയറക്ടറേറ്റ് സംയുക്തമായി ഓൺലൈൻ പരിശീലനം മണ്ണിടിച്ചിൽ അപകട സാധ്യത ലഘൂകരണം എന്ന് വിഷയത്തിന്മേൽ 2021 ജൂലൈ 25ന് നടത്തി. ദുരന്തങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് മനസ്സിലാക്കാൻ സഹായിക്കുന്നതിനാണ് ഈ പരിപാടി രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഏകദേശം 800-ലധികം സന്നധസേന പ്രവർത്തകർ ഈ ഓൺലൈൻ പരിപാടിയിൽ പങ്കെടുത്തു. പങ്കെടുത്ത എല്ലാ

സന്നദ്ധപ്രവർത്തകർക്കും 10 ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലി നൽകി പരിശീലന സർട്ടിഫിക്കറ്റുകൾ നൽകുന്ന സംവിധാനവും ചെയ്യുകയുണ്ടായി.

സാമൂഹിക സന്നധസേന സംസ്ഥാന കോ-ഓർഡിനേറ്റർ ശ്രീ യദു കൃഷ്ണൻ ഉദ്യോഗസ്ഥർക്കും സന്നദ്ധപ്രവർത്തകർക്കും പരിശീലനത്തിൽ പങ്കെടുത്തു എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ചടങ്ങിൽ മെമ്പർ സെക്രട്ടറി, കെഎസ്ഡിഎംഎ. ഡോ.ശേഖർ എൽ.കുര്യാക്കോസ് മുഖ്യപ്രഭാഷണം നടത്തി. പരിശീലന പരിപാടിയുടെ ഉദ്ദേശ്യ ലക്ഷ്യം അദ്ദേഹം ചൂണ്ടിക്കാട്ടി. ഇത്തരം പരിശീലന പരിപാടികൾ ഭാവിയിലും നടത്താൻ കെഎസ്ഡിഎംഎ തയ്യാറാണെന്നും അദ്ദേഹം സൂചിപ്പിച്ചു. തുടർന്ന് പരിപാടിയുടെ ഉദ്ഘാടനം സാമൂഹിക സന്നധസേനയുടെ ഡയറക്ടറേറ്റ്, ഡയറക്ടർ ശ്രീ മിർ മുഹമ്മദ് അലി ഐഎഎസ് നിർവഹിച്ചു. കൂടുതൽ വിവരങ്ങൾക്കായി https://shorturl.at/7ptM4 ഈ ലിങ്ക് പരിശോധിക്കുക.

## 1.31 ദുരന്ത പ്രതികരണ നേതൃത്വ പരിശീലനം

KSDMA, KILA, ATREE, ഫോർച്യൂൺ IAS അക്കാദമി എന്നിവയുടെ സഹകരണത്തോടെ സുസ്ഥിര ഫൗണ്ടേഷൻ യുവാക്കൾക്കായി ദുരന്ത പ്രതികരണത്തിൽ നേതൃത്വ പരിശീലനം 2021 ജൂൺ 25 മുതൽ ജൂലൈ 12 വരെ സംഘടിപ്പിച്ചു. ഈ പരിശീലനത്തിലൂടെ യുവ നേതാക്കൾ എങ്ങനെയായിരിക്കും ദുരന്ത പ്രതികരണ പ്രവർത്തന പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് എന്ന് ചർച്ച ചെയ്തു. 2021 ജൂൺ 25-ന് ആരംഭിച്ച് പരിശീലന പരിപാടി രണ്ട് ആഴ്ച നീണ്ടുനിന്നു. സംസ്ഥാന ദുരന്ത നിവാരണത്തിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും വിദഗ്ധരുടെ മാർഗ്ഗനിർദ്ദേശത്തോടെ പ്രതിരോധശേഷിയുള്ള സമൂഹങ്ങൾ




കെട്ടിപ്പടുക്കുന്നതിനുള്ള മാർഗ്ഗങ്ങളെ കുറിച്ചു വിപുലമായ പരിശീലനവും നൽകി. കോളേജ് വിദ്യാർത്ഥികൾ, ദ്രുത പ്രതികരണ സേന (ERT) അംഗങ്ങൾ, പ്രൊഫസർമാർ, അഭിഭാഷകർ എന്നിങ്ങനെ സംസ്ഥാനത്തുടനീളമുള്ള 50ൽ

പരം പേർ പങ്കെടുത്ത്. സുസ്ഥിര ഫൗണ്ടേഷിന്റെ ഡയറക്ടർ സഞ്ജു സോമൻ ഉദ്ഘാടന പ്രസംഗം നടത്തി. കേരളം പോലെ ജനസാന്ദ്രതയുള്ള സംസ്ഥാനത്ത് ദുരന്ത പ്രതിരോധം എന്ന ആശയം കൂടുതൽ നേട്ടമുണ്ടാക്കുമെന്ന് അദ്ദേഹം വിശദീകരിച്ചു. കൂടുതൽ വിവരങ്ങൾക്കായി https://shorturl.at/3sCkc ഈ ലിങ്ക് പരിശോധിക്കുക.

### 1.32 മലപ്പുറം - IRS പരിശീലന പരിപാടി

മലപ്പുറം ജില്ലാ-താലൂക്ക് അടിയന്തിര ഘട്ട കാര്യ നിർവഹണ കേന്ദ്രത്തിലെ ജീവനക്കാർക്കായി മുൻകൂർ മുന്നറിയിപ്പ് സംവിധാനങ്ങളും ജില്ലാ അടിയന്തിര ഘട്ട കാര്യ നിർവഹണ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും, ഓറഞ്ച് പുസ്തകം പരിചയപ്പെടുത്തൽ, ഇൻസിഡന്റ് പ്രതികരണ സംവിധാനം എന്നിവയെ കുറിച്ചുള്ള ഒരു ഓൺലൈൻ പരിശീലന പരിപാടി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സഹകരണത്തോടെ മലപ്പുറം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി 25ന് ജൂൺ 2021 രാവിലെ 11 മണിക്ക് സംഘടിപ്പിച്ചു.

ഡെപ്യൂട്ടി കലക്ടർ, ദുരന്ത നിവാരണം (ഇൻ ചാർജ്) ശ്രീമതി. ലത. കെയുടെ സ്വാഗത പ്രസംഗത്തോടെയാണ് യോഗം ആരംഭിച്ചത്. തുടർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ.ശേഖർ എൽ.കുര്യാക്കോസ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, സംസ്ഥാന അടിയന്തിര ഘട്ട കാര്യ നിർവഹണ കേന്ദ്രം ജില്ലാ അടിയന്തിര ഘട്ട കാര്യ നിർവഹണ കേന്ദ്രം എന്നിവയെ കുറിച്ചു ആമുഖ പ്രസംഗം നൽകി. മലപ്പുറം ജില്ലാ അടിയന്തിര ഘട്ട കാര്യ നിർവഹണ കേന്ദ്രത്തിലെ ശ്രീമതി. ആതിര. എൻ. ഹസാർഡ് അനലിസ്റ്റ് നന്ദി രേഖപ്പെടുത്തി. ഇത്തരത്തിലുള്ള ദുരന്ത സാധ്യത ലഘൂകരണമായി ബന്ധപ്പെട്ടു നടത്തുന്ന വിജ്ഞാനപ്രദമായ പരിശീലനങ്ങൾ വീണ്ടും പ്രതീഷിക്കുന്നു എന്ന് പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. കൂടുതൽ വിവരങ്ങൾക്കായി https://shorturl.at/jFC9W ഈ ലിങ്ക് പരിശോധിക്കുക.

## 1.33 കണ്ണൂർ - ജില്ലാ-താലൂക്ക് IRS - ഉദ്യോഗസ്ഥർക്കുള്ള ഓൺലൈൻ പരിശീലന പരിപാടി

കണ്ണൂർ ജില്ലാ-താലൂക്ക് തലങ്ങളിൽ പ്രവർത്തിക്കുന്ന അടിയന്തിര ഘട്ട കാര്യ നിർവഹണ കേന്ദ്രത്തിലെ ഉദ്യോഗസ്ഥർക്ക് വേണ്ടി 16 ജൂലൈ 2021 രാവിലെ 11 മണിക്ക് പരിശീലന പരിപാടി സംഘടിപ്പിച്ചു. ജില്ലയിലെ അടിയന്തിര ഘട്ട കാര്യ നിർവഹണ കേന്ദ്രത്തിലെ ദുരന്ത സമയങ്ങളിലെ ദ്രുത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക എന്നതായിരുന്നു പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യം. സാധാരണ അടിയന്തിര സാഹചര്യങ്ങളിലും ജില്ലാ, താലൂക്ക് ഇഒസികൾ 24 X 7 രീതിയിലാണ് പ്രവർത്തിക്കുന്നത്.

മുൻകൂർ മുന്നറിയിപ്പ് സംവിധാനങ്ങളും ഓറഞ്ച് പുസ്തകം പരിചയപ്പെടുത്തൽ, ജില്ലാ അടിയന്തിര ഘട്ട കാര്യ നിർവഹണ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും, ഇൻസിഡന്റ് പ്രതികരണ സംവിധാനം എന്നിവയെ കുറിച്ചും പരിശീലന പരിപാടിയിൽ ചർച്ച ചെയ്തു. പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ, റവന്യൂ വകുപ്പുകളിൽ നിന്നുള്ള നൂറോളം ഉദ്യോഗസ്ഥർ പരിപാടിയിൽ പങ്കെടുത്ത്.



കണ്ണൂർ ദുരന്ത നിവാരണ ഡെപ്യൂട്ടി കളക്ടർ ശ്രീ. ജയകുമാർ സ്വാഗതം ആശംസിച്ചു. തുടർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ.ശേഖർ എൽ.കുര്യാക്കോസ് ആമുഖ പ്രസംഗത്തോടെയാണ് പരിശീലന പരിപാടി ആരംഭിച്ചത്. ഹസാർഡ് അനലിസ്റ്റ് ശ്രീമതി ശിൽപ സി പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. കൂടുതൽ വിവരങ്ങൾക്കായി https://rb.gy/swq2ho ലിങ്ക് പരിശോധിക്കുക.

## 1.34 തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള മണ്ണിടിച്ചിൽ സാധ്യതാ ലഘൂകരണ പരിശീലനം

കേരളത്തിൽ ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിലും മണ്ണിടിച്ചിൽ സാധ്യതയുള്ളതാണ്. ജിയോഹസാർഡ്സ് സൊസൈറ്റിയും ജിയോഹസാർഡ്സ് ഇന്റർ നാഷണലും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലോക്കൽ

അഡ്മിനിസ്ട്രേഷനുമായി (കില) സഹകരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി സംയുക്തമായി വെബിനാർ 2021 ജൂൺ 23നു രാവിലെ 10.30ക്ക് നടന്നു. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപന എഞ്ചിനീയർമാർക്കുള്ള മണ്ണിടിച്ചിൽ സാധ്യതാ ലഘൂകരണ ഓൺലൈൻ പരിശീലനത്തിലൂടെ മണ്ണിടിച്ചിൽ സാധ്യതാ ലഘൂകരണത്തിനായി വേണ്ട നിയന്ത്രണങ്ങൾ, മണ്ണിടിച്ചിലിനെ എങ്ങനെ മനസിലാക്കാം-കാരണങ്ങൾ, ആഘാതം, മണ്ണിടിച്ചിൽ സാധ്യതാ ലഘൂകരണം കേസ് സ്റ്റഡി എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു.

പരിപാടി കോ-ഓർഡിനേറ്റർ ശ്രീമതി നേഹ പങ്കെടുത്ത എഞ്ചിനീയർമാരെയും KSDMA, LSGD, GeoHazards Team, KILA എന്നിവയിലെ ഉദ്യോഗസ്ഥരെയും സ്വാഗതം ചെയ്തു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ.ശേഖർ എൽ.കുര്യാക്കോസ് ആമുഖ പ്രസംഗം നടത്തി. പരിണാമ പ്രവർത്തനത്തിന്റെ ഭാഗമായി ഭൂമിയിലുണ്ടാകുന്ന ഭൂകമ്പം, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങളുമായി സഹവസിക്കാൻ മനുഷ്യൻ പഠിക്കണമെന്നും അതോടൊപ്പം ഇത്തരം പരിശീലന ബോധവൽക്കരണങ്ങളിലൂടെ ദുരന്തങ്ങൾ വഴി ഉണ്ടാകുന്ന ജീവഹാനിയും സ്വത്ത് നാശനഷ്ടവും പരമാവധി കുറയ്ക്കാൻ ആവശ്യമായ നടപടികകളും സ്വീകരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പരിശീലനത്തിനായി 630-ലധികം തദ്ദേശ സ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥരുടെ പങ്കാളിത്തം സൂം പ്ലാറ്റ്ഫോമിൽ രേഖപ്പെടുത്തി. ഇതിൽകൂടാതെ യൂ ട്യൂബിലും ഫെയ്സ്ബുക്കിലും 200-ലധികം തത്സമയ കാഴ്ചക്കാരും പരിശീലനത്തിൽ പങ്കെടുത്ത്. കൂടുതൽ വിവരങ്ങൾക്കായി https://tinyurl.com/73ufbn4s ലിങ്ക് പരിശോധിക്കുക.

### 1.35 കോവിഡ് 19 മൂന്നാം തരംഗത്തിന്റെ മോഡലിംഗ് സംബന്ധിച്ച മീറ്റിംഗ്

നിലവിലുള്ള ശാസ്ത്ര മോഡലുകൾ ഉപയോഗിച്ചു അടുത്ത കോവിഡ് വ്യാപന തരംഗവും അതിന്റെ പ്രവചനങ്ങളും എന്തൊക്കെയാണ് പ്രതീക്ഷിക്കേണ്ടത് ചർച്ച ചെയ്യുന്നതിനാണ് ഈ യോഗം രൂപകൽപ്പന ചെയ്തിരുന്നത്. ഇത് വഴി അധികാരികൾക്ക്

കോവിഡ് മഹാമാരിയുമായി സംബന്ധിച്ച എത്രത്തോളും അണുബാധകളും മരണങ്ങളും തടയാൻ കഴിയുമെന്ന് ഉറപ്പാക്കാൻ സാധിച്ചു.

കോവിഡ് 19 മഹാമാരി രൂക്ഷമായതിനാൽ യോഗത്തിൽ ലോകമെമ്പാടുമുള്ള വിവിധ മോഡലിംഗ് വിദഗ്ദരെ ഒരുമിച്ച് കൊണ്ടുവന്നു അടുത്ത കോവിഡ് വ്യാപന തരംഗത്തിൽ എന്തുചെയ്യാൻ കഴിയും എന്നതിനെക്കുറിച്ചുള്ള ചർച്ചകൾ നടത്തി. Webex മീറ്റിംഗ് പോർട്ടൽ വഴി യോഗം 2021 ജൂൺ 10-ന് വൈകുന്നേരം 5 മണിക്ക് ആരംഭിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ.ശേഖർ എൽ.കുര്യാക്കോസ് ആമുഖ പ്രസംഗം നൽകി. ദേശീയ ദുരന്ത നിവാരണ അതോറിറ്റി അംഗം ശ്രീ. കമൽ കിഷോർ പരിപാടി ഉദ്ഘാടനവും ദേശീയ തലത്തിലുള്ള COVID-19 മോഡലിംഗിന് കുറിച്ച് അനുഭവം പങ്കുവെക്കലും നടത്തി. വൈകിട്ട് 7.40ന് യോഗം അവസാനിച്ചു. കൂടുതൽ വിവരങ്ങൾക്കായി https://tinyurl.com/4cx8d637 ലിങ്ക് പരിശോധിക്കുക.


## 1.36 മൺസൂൺ മുന്നൊരുക്കത്തിന്റെ ഭാഗമായി നടന്ന ടോക്ക് സീരീസ്

2021 ജൂൺ 9 മുതൽ 17 വരെ പ്രധാന ഓൺലൈൻ പൊതു അവബോധ പരിപാടികളിലൊന്നായ മൺസൂൺ ടോക്ക് സീരീസ് നടന്നു. കോവിഡ് 19, മൺസൂൺ തയ്യാറെടുപ്പ് എന്നിവയുമായി ബന്ധപ്പെട്ട സീരീസ് (ആദ്യഘട്ടം) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി, ഡോ. ശേഖർ എൽ കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. 2021 ൽ മൺസൂണിനെ തയ്യാറെടുക്കുമ്പോൾ ദുരന്തങ്ങളുമായി ബന്ധപ്പെട്ട് പൊതുവായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെ കുറിച്ചും ദുരന്ത സാഹചര്യങ്ങളെക്കുറിച്ചുള്ള അവബോധത്തിന്റെ പ്രാധാന്യത്തെ കുറിച്ചും അദ്ദേഹം പരാമർശിച്ചു. കോവിഡ് 19 മഹാമാരി സാഹചര്യം നിലനിന്നതിനാൽ മുഴുവൻ സീരീസ് സെഷനുകളും ഓൺലൈൻ പ്ലാറ്റ്ഫോമായ വെബെക്സ് വഴിയായിരുന്നു പരുപാടി നടന്നത്. അതോടൊപ്പം ഇത് കെഎസ്ഡിഎംഎ യുടെ യൂട്യൂബ് ചാനലിൽ തത്സമയം സംപ്രേഷണം ചെയ്തു. ഉദ്ദേശ അടിസ്ഥാനത്തിലും വിഷയാവതരണത്തിലും മികവ് പുലർത്തിയ മൺസൂൺ ടോക്ക് സീരീസിൽ സജീവമായ പൊതുജനപങ്കാളിത്തവും ഏകോപനവും ഉണ്ടായിരുന്നു. കൂടുതൽ വിവരങ്ങൾക്കായി https://tinyurl.com/46u3kmn3 ഈ ലിങ്ക് പരിശോധിക്കുക.

## 1.37 ഇടിമിന്നൽ ദുരന്ത ലഘൂകരണ ക്യാമ്പയിൻ 2021

സംസ്ഥാനത്തെ ഇടിമിന്നൽ ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 2021 ജൂൺ 7 ന്

വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായി ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു. രാജ്യത്തെ ഏറ്റവും വിനാശകാരിയായ പ്രകൃതി ദുരന്തമായാണ് ഇടിമിന്നലിനെ കണക്കാക്കുന്നത്. സംസ്ഥാന സവിശേഷ ദുരന്തമായ ഇടിമിന്നലിനെ കുറിച്ചും അവ മൂലം ഉണ്ടാകുന്ന ദുരന്ത സാദ്ധ്യതകളെ ലഘൂകരിക്കുന്നതിനു വേണ്ടി സ്വീകരിക്കേണ്ട കാര്യങ്ങളെ കുറിച്ച് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ബോധവാന്മാരാക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ ലക്ഷ്യം. സിസ്കോ വെബ്എക്സ് വഴിയാണ് പരിശീലനം നടത്തിയത്.



2021 ജൂൺ 7-ന് വൈകിട്ട് 3 മണിക്ക് പരിശീലന പരിപാടി ആരംഭിച്ചു. വിവിധ വകുപ്പുകളിൽ നിന്നും നിർമാണ മേഖലയിലെ സർക്കാർ ആക്രെഡിറ്റെഡ് ഏജൻസികളിൽ നിന്നുമായി 67 പ്രതിനിധികൾ പങ്കെടുത്തു. അതിൽ 34 പുരുഷന്മാരും 33 സ്ത്രീകളുമാണ് ഉണ്ടായിരുന്നത്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഡോ. ശേഖർ. എൽ. കുര്യാക്കോസ് ആമുഖ പ്രഭാഷണം നടത്തി. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിലെ ഹസാഡ് ആൻഡ് റിസ്ക് അനലിസ്റ്റ് ആയ ശ്രീ. പ്രദീപ്. ജി. എസ് ഈ പരിപാടിയുടെ മോഡറേറ്ററായി. ആർക്കിടെക്ട് ആയ മിസ്സ്. ഇന്ദു. വി സ്വാഗതം ആശംസിച്ചു. ആദ്യ സെഷൻ 'ഇടിമിന്നൽ ദുരന്തങ്ങൾ കേരളത്തിൽ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഹസാഡ് അനലിസ്റ്റ് ആയ ശ്രീ.ഫഹദ് മർസൂക്ക് വിഷയാവതരണം നടത്തി. "Lightning and structural safety' എന്ന വിഷയത്തെ ആസ്പദമാക്കി ഹസാഡ് അനലിസ്റ്റ് ആയ ഗോകുൽ എ വിഷയം അവതരിപ്പിച്ചു. തുടർന്നു നടന്ന ചോദ്യോത്തരവേളയിൽ വിവിധ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ പങ്കെടുത്തു. വൈകിട്ട് 4.35 നു പരിപാടി അവസാനിച്ചു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2021/06/Report-lighning-risk-reduction-campaign2021-1.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.38 ലോക പരിസ്ഥിതിദിന ആഘോഷം

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2021 ജൂൺ 5 ലോക പരിസ്ഥിതിദിനം വിവിധ പരിപാടികളോടെ ആഘോഷിക്കാൻ തീരുമാനിച്ചു.

കർശനമായ COVID-19 പ്രോട്ടോക്കോളുകൾ പാലിക്കുന്നതിനാൽ പരിപാടികൾ KSDMA ഓഫീസ് പരിസരത്ത് മാത്രമായി പരിമിതപ്പെടുത്തി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ കുര്യാക്കോസ് ഓഫീസ് വളപ്പിൽ വൃക്ഷത്തൈകൾ നട്ടുകൊണ്ട് ആഘോഷം ആരംഭിച്ചു. ഓഫീസ് കോമ്പൗണ്ടിൽ തദ്ദേശീയ സസ്യങ്ങളെ കൂടുതലായി നട്ടുപിടിപ്പിച്ചുകൊണ്ട് നിലവിലെ അധിനിവേശ സസ്യാവരണം മാറ്റുന്നതിനുള്ള അദ്ദേഹത്തിന്റെ ചിന്ത പങ്കുവെച്ചു. തുടർന്ന് പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് ഓൺലൈൻ സെക്ഷനുകൾ നടന്നു. ലോക പരിസ്ഥിതി ദിന പരിപാടിയുടെ ഭാഗമായി പരിസ്ഥിതി പുനഃസ്ഥാപിക്കുക എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിന് കെഎസ്ഡിഎംഎ ജീവനക്കാർക്ക് പരിസ്ഥിതി സൗഹൃദ പുനരുപയോഗിക്കാവുന്ന തുണി സഞ്ചികൾ വിതരണം ചെയ്യാൻ തീരുമാനിച്ചു. വിതരണോദ്ഘാടനം കെഎസ്ഡിഎംഎ മെമ്പർ സെക്രട്ടറി ഡോ.ശേഖർ എൽ കുര്യാക്കോട് നിർവഹിച്ചു. കൂടുതൽ വിവരങ്ങൾക്കായി https://tinyurl.com/2at79hpv ഈ ലിങ്ക് പരിശോധിക്കുക.




## 1.39 സതീർത്ഥ്യൻ - കുട്ടികൾക്കുള്ള ഓൺലൈൻ ക്യാമ്പ്

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ "സതീർത്ഥ്യൻ" എന്ന പേരിൽ ഔട്ട്റീച്ച് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഇതുമായി ബന്ധപ്പെട്ട് കെഎസ്ഡിഎംഎ 2021 മെയ് 24 മുതൽ 28 വരെ 5 ദിവസത്തെ ഓൺലൈൻ ക്യാമ്പ് സംഘടിപ്പിച്ചു. ദുരന്ത നിവാരണ ബോധവൽക്കരണത്തിലൂടെ കുട്ടികൾക്കിടയിൽ അഭിലഷണീയമായ പെരുമാറ്റം കൊണ്ടുവരിക എന്നതായിരുന്നു പരുപാടിയുടെ ലക്ഷ്യം. ദുരന്തസാധ്യത കുറയ്ക്കുന്നതിന് കുട്ടികളുടെ പങ്ക് നിർണായക ഘടകമാണ്. യുണിസെഫുമായുള്ള പങ്കാളിത്തത്തിലൂടെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. സതീർ ത്ഥ്യൻ പരുപാടിയുടെ ഓൺലൈൻ സംപ്രേഷണം 2000-ലധികം പേർ കെഎസ്ഡിഎംഎയുടെ യൂട്യൂബ് ചാനൽ വഴി നിരീക്ഷിച്ചു.


സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഡോ.ശേഖർ എൽ. കുര്യാക്കോസ് പരുപാടിയുടെ ഉദ്ഘാടന പ്രസംഗം നടത്തി. റിസോഴ്സ് പേഴ്സൺമാരായ ശ്രീ ഫെലിക്സ്, ശ്രീമതി സായി ശ്വേത എന്നിവർ സെഷനുകൾക്ക്

നേതൃത്വം നൽകി. വെർച്വൽ മോഡിൽ ആയി നടന്ന പരുപാടിയിൽ 1008-ലധികം പേർ പങ്കെടുത്തു. എല്ലാ കുട്ടികളും സെഷനുകൾ ആസ്വദിച്ചു. സതീർത്ഥ്യൻ പോലെയുള്ള കൂടുതൽ പരിപാടികൾ വേണമെന്ന് അവർ അഭിപ്രായപ്പെട്ടു.

കൂടുതൽ വിവരങ്ങൾക്കായി https://sdma.kerala.gov.in/wp-content/uploads/2021/06/satheerthyan-report.pdf ഈ ലിങ്ക് പരിശോധിക്കുക.

## 1.40 ഓക്സിജൻ ചോർച്ച സംഭവിക്കുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ നടപടികൾ സംബന്ധിച്ച മാർഗ്ഗരേഖ

കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (KSDMA) തയ്യാറാക്കിയ "Medical Oxygen Leak Containment Compendium" എന്ന രേഖ, ആശുപത്രികളിൽ ഓക്സിജൻ ചോർച്ച സംഭവിക്കുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ നടപ ടികൾ വിശദീകരിക്കുന്നു. ദ്രവ ഓക്സിജന്റെ ഭൗതിക-രാസ ഗുണങ്ങൾ, ആരോഗ്യത്തെ ബാധിക്കുന്ന സാധ്യതകൾ, സംഭരണവും ഗതാഗതവും, സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ ഈ കാമ്പെൻഡിയം, കോവിഡ്-19 കാലത്തെ ഓക്സിജൻ ആവശ്യകതയുടെ പശ്ചാത്തലത്തിൽ അത്യന്താപേക്ഷിതമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നു. ആശുപത്രി ജീവനക്കാർക്കും അടിയന്തര പ്രതികരണ സംഘങ്ങൾക്കും ഇത് നിർണായകമായ ഒരു പരിശീലന ഉപാധിയാണ്. മാർഗ്ഗരേഖ ഇവിടെ https://shorturl.at/S1gtq ലഭ്യമാണ്.


COMPENDIUM OF SAFETY PROTOCOLS FOR CONTAINMENT OF OXYGEN LEAKAGE IN HOSPITALS

3rd May, 2021

KERALA STATE EMERGENCY OPERATIONS CENTRE (KSEOC)
KERALA STATE DISASTER MANAGEMENT AUTHORITY (KSDMA)
Observatory Hills, Vikas Bhavan P.O Thiruvananthapuram
Email: keralasdma@gmail.com
Website: https://sdma.kerala.gov.in
Toll Phone: 1070

## 1.41 സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും റാപിഡ് സേഫ്റ്റി ഓഡിറ്റ് നടത്താൻ സർക്കാർ നിർദ്ദേശം

കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി (KSDMA) തയ്യാറാക്കിയ ചെക്ക്ലിസ്റ്റ് അനുസരിച്ച് സംസ്ഥാനത്തെ എല്ലാ സർക്കാർ, സ്വകാര്യ, സഹകരണ COVID ആശുപത്രികളിലും റാപിഡ് സേഫ്റ്റി ഓഡിറ്റ് നടത്താൻ സർക്കാർ നിർദ്ദേശം നൽകി. തീപിടിത്തം, ഓക്സിജൻ ചോർച്ച, വൈദ്യുത തകരാർ തുടങ്ങിയ അപകട സാധ്യതകൾ വിലയിരുത്തുന്നതിനും സുരക്ഷാ പോരായ്മകൾ കണ്ടെത്തുന്നതിനും ഈ ഓഡിറ്റ് നിർണായകമാണ്. ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ ഓഡിറ്റ് ടീമുകൾ രൂപീകരിച്ച്, ഒരു ആഴ്ചയ്ക്കുള്ളിൽ പരിശോധന പൂർത്തിയാക്കണം എന്ന് സർക്കാർ നിർദേശിച്ചു. പരിശോധനാ ഫലങ്ങൾ അടിസ്ഥാനമാക്കി, ആശുപത്രികൾ ഉടൻ, ഇടക്കാല, ദീർഘകാല നടപടികൾ

സ്വീകരിക്കേണ്ടതുണ്ട്. നിർദേശവും ചെക്ക്ലിസ്റ്റും ഇവിടെ https://shorturl.at/tBJ4Y ലഭ്യമാണ്.



### 1.42 NCRMP-II വിവിധോദ്ദേശ്യ അഭയകേന്ദ്ര പരിപാലനം

കേരളത്തിൽ സ്ഥാപിച്ചിട്ടുള്ള 17 വിവിധോദ്ദേശ്യ അഭയകേന്ദ്ര പരിപാലനത്തിനും നടത്തിപ്പിനുമുള്ള മർഗ്ഗനിർദേശങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രസിദ്ധീകരിച്ചു. മാർഗ്ഗനിർദേശങ്ങൾ ഇവിടെ ലഭ്യമാണ് https://shorturl.at/f793y. ഓരോ വിവിധോദ്ദേശ്യ അഭയകേന്ദ്രങ്ങളുടെ പരിപാലനത്തിനായി 18.82 ലക്ഷം രൂപയുടെ സഞ്ചിത നിധി സർക്കാർ GO (Ms) No. 27/2020/DMD dated 1-10-2020 പ്രകാരം അനുവദിച്ചു.

പുല്ലൂർ, കാസർഗോഡ്; കായിപ്പാടി, കാസർഗോഡ്; കുഡുലു, കാസർഗോഡ്; കതിരൂർ, കണ്ണൂർ; ചേലാട്, കണ്ണൂർ; പാലപ്പെട്ടി, മലപ്പുറം; വെട്ടം, മലപ്പുറം; അഴീക്കോട്, തൃശ്ശൂർ; തഴവ, കൊല്ലം എന്നീ കേന്ദ്രങ്ങൾ 2021-22 കാലഘട്ടത്തിൽ പൂർത്തീകരിച്ചു. വിശദ വിവരങ്ങൾ ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/implementation-status/.

### 1.43 UNICEF-KSDMA സംയുക്ത പദ്ധതി

കെ.എസ്.ഡി.എം.എ-യുണിസെഫ് പങ്കാളിത്ത പദ്ധതികൾ "റിസ്ക്യും റെസിലിയൻസും മുഖ്യധാരയിലാക്കൽ" 2019-ൽ ആരംഭിച്ചു. ഈ പദ്ധതികളുടെ പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുകയാണ്, റിസ്ക് കമ്മ്യൂണിക്കേഷൻ, റെസിലിയൻസ് വികസനം എന്നിവയെ കേന്ദ്രീകരിച്ച് വിവിധ ശേഷിവികസന പ്രവർത്തനങ്ങളുടെയും മുഖ്യധാരയിലാക്കൽ പ്രവർത്തനങ്ങളുടെയും ഭാഗമായി. പദ്ധതികളുടെ പ്രധാന ലക്ഷ്യം ഭരണ സംവിധാനത്തെ ശക്തിപ്പെടുത്തുകയും, പ്രത്യേകിച്ച് കുട്ടികളായ അത്യന്തം ദുർബലമായ ജനസംഖ്യയെ പരിഗണിച്ച് അവരുടെ റെസിലിയൻസ് വളർത്തുകയും ചെയ്യുന്നതായിരുന്നു.


ക്ലൈമറ്റ് അതിക്രമങ്ങളുടെ പശ്ചാത്തലത്തിൽ, റിസ്ക് മനസ്സിലാക്കുകയും അതിനെ നേരിടാനുള്ള ശേഷികൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നത് ജനസംഖ്യയുടെ നിലനില്പിന് നിർണായകമാണ്. 2021ലെ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപോർട്ട് ഇവിടെ ലഭ്യമാണ് https://tinyurl.com/2z355twb.

## 1.44 Travancore Titanium Products Ltd-ൽ 2021 ഫെബ്രുവരി 10-ന് നടന്ന ഫർണസ് ഓയിൽ ചോർച്ചയെ അടിസ്ഥാനമാക്കി തയ്യാറാക്കിയ തന്ത്രപരമായ പരിസ്ഥിതി ആഘാത വിലയിരുത്തൽ (SEIA) റിപ്പോർട്ട്

**സംഭവം**: 2021 ഫെബ്രുവരി 10-ന് പുലർച്ചെ 2 മണിയോടെ, Travancore Titanium Products Ltd-ൽ നിന്ന് 4750 ലിറ്റർ ഫർണസ് ഓയിൽ കടലിലേക്ക് ചോർന്നു. ചോർച്ച 7:55 am മണിയോടെ നിയന്ത്രിച്ചു. ചോർച്ചയുള്ള ഡ്രെയിൻ പഴയ കനാലിലേക്കാണ് ഒഴുകുന്നത്, ഇത് നേരിട്ട് കടലിലേക്ക് ഒഴുകുന്നു.

**SEIAയുടെ ലക്ഷ്യങ്ങൾ**

മേൽ സാഹചര്യത്തിലാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ പരിസ്ഥിതി കാര്യ ഹസർഡ് അനലിസ്റ്റ് ശ്രീമതി. അമൃത കെ, സേഫ്റ്റി എൻജിനിയർ അലൻ എബ്രഹാം, സമുദ്രകാര്യ ഹസർഡ് അനലിസ്റ്റ് ഡോ. ആൽഫ്രെഡ് ജോണി എന്നിവർ ചേർന്ന് Strategic Environment Impact Assessment നടത്തിയത്.


STRATEGIC ENVIRONMENTAL IMPACT ASSESSMENT FOR TRAVANCORE TITANIUM LTD FURNACE OIL SPILL

Field visit conducted on 10-2-2021

Prepared by: Kerala State Emergency Operations Centre, KSDMA

- Mrs. Amrutha K, Hazard Analyst (Environment) – Strategic Environment Impact Assessment
- Mr. Alen Abraham, Safety Engineer
- Mr. Alfred Johny, Hazard Analyst (Oceanography)

- സാമൂഹിക, പരിസ്ഥിതിക, സാമ്പത്തിക സ്വാധീനങ്ങൾ വിലയിരുത്തൽ
- തീരപ്രദേശത്തെ മലിനമായ മണൽ ശുദ്ധീകരിക്കാൻ ശുപാർശകൾ നൽകൽ
- പരിസ്ഥിതിക സ്വാധീനങ്ങൾ
- കടൽജലവും മണലും മലിനമായി
- കടൽജീവികൾക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ (ഉദാ: കടൽ ആമയുടെ മരണം)
- ഓയിൽ-ജല മിശ്രിതം (മൂസ്) ജലജീവികൾക്ക് അപകടകരം
- ഗ്രൗണ്ട്വാട്ടർ മലിനീകരണ സാധ്യത

**സാമൂഹിക-സാമ്പത്തിക സ്വാധീനങ്ങൾ**

- മത്സ്യബന്ധനം, വിനോദസഞ്ചാരം എന്നിവയ്ക്ക് താൽക്കാലിക വിലക്ക്
- തീരപ്രദേശത്തെ ജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങൾ
- മത്സ്യബന്ധന ഉപകരണങ്ങൾ ഓയിൽ കൊണ്ട് മലിനമായി
- ശുപാർശകൾ
- സംസ്ഥാന, ജില്ലാതല ഓയിൽ കൺടിജൻസി പ്ലാൻ തയ്യാറാക്കണം

- ഫാക്ടറികൾക്ക് ഓൺസൈറ്റ്/ഓഫ്സൈറ്റ് അടിയന്തര പ്രതികരണ പദ്ധതികൾ നിർബന്ധമാക്കണം
- പൊതു ജനങ്ങൾക്ക് പരിശീലനവും മോക് ഡ്രില്ലുകളും നൽകണം
- മലിനമായ മണൽ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കണം
- പബ്ലിക് ലൈബിലിറ്റി ഇൻഷുറൻസ് ആക്ട് പ്രകാരം നഷ്ടപരിഹാരം ഉറപ്പാക്കണം







**കുറിപ്പ്**: TTPL-ൽ ഓയിൽ ചോർച്ച വലിയ പരിസ്ഥിതിക, സാമൂഹിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കി. ഈ റിപ്പോർട്ട് ഭാവിയിലേക്കുള്ള നയങ്ങൾ രൂപപ്പെടുത്താനും, ദുരന്ത പ്രതിരോധം ശക്തമാക്കാനും സഹായിക്കുന്നു. റിപോർട്ട് ഇവിടെ ലഭ്യമാണ് https://tinyurl.com/4vdx6bap.

## 1.45 ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം (IRS) ഹാൻഡ്ബുക്ക്

കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി പുറത്തിറക്കിയ ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം (IRS) ഹാൻഡ്ബുക്ക്, ദുരന്തങ്ങൾ നേരിടുന്നതിനുള്ള ശാസ്ത്രീയവും ഏകീകൃതവുമായ രീതികൾ വിശദീകരിക്കുന്നു. ഈ സംവിധാനത്തിലൂടെ ഇൻസിഡന്റ് കമാൻഡർ മുഖ്യ നേതൃത്വം നൽകുകയും, ഓപ്പറേഷൻസ്, പ്ലാനിംഗ്, ലോജിസ്റ്റിക്സ് എന്നീ വിഭാഗങ്ങൾ വഴി പ്രവർത്തനങ്ങൾ തരംതിരിച്ച് കാര്യക്ഷമത ഉറപ്പാക്കുകയും ചെയ്യുന്നു. IRS വിവിധ സർക്കാർ വകുപ്പുകൾ, NGO-കൾ, സന്നദ്ധസംഘങ്ങൾ എന്നിവയുമായി ഏകോപനം ഉറപ്പാക്കുന്ന രീതിയിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പരിശീലനം, ശേഷിവികസനം, റിപ്പോർട്ടിംഗ്, പുനസ്ഥാപനം തുടങ്ങിയ ഘട്ടങ്ങൾ വഴി ദുരന്തനിവാരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാൻ ഈ ഹാൻഡ്ബുക്ക് സഹായിക്കുന്നു. ഇത് ഉദ്യോഗസ്ഥർക്കും നയനിർമ്മാതാക്കൾക്കും പ്രായോഗിക മാർഗദർശകമായി ഉപയോഗിക്കാവുന്നതാണ്. ലിങ്ക് ഇവിടെ ലഭ്യമാണ് https://tinyurl.com/bdentw45.

## 1.46 പട്ടിക വർഗ്ഗ ഉന്നതികളിലെ ദുരന്ത ലഘൂകരണ പദ്ധതികൾ

രാജ്യത്ത് ആദ്യമായി ദുരന്ത സാധ്യതാ മേഖലയിലുള്ള പട്ടിക വർഗ്ഗ ഉന്നതികൾക്ക് വേണ്ടിയു ള്ള പങ്കാളിത്താധിഷ്ഠിത സാമൂഹിക ദുരന്തലഘൂകരണ പദ്ധതികൾ വയനാട് ജില്ലയിലെ 10 ഉന്നതികളിൽ ദുരന്ത ലഘൂകരണ പദ്ധതികൾ

തയ്യാറാക്കി. മുട്ടിൽ, എടവക, പനമരം, നൂൽപ്പുഴ, മേപ്പാടി, തിരുനെല്ലി, തൊണ്ടർനാട്, പുൽപ്പള്ളി, പൂത്താടി, വെള്ളമുണ്ട (https://sdma.kerala.gov.in/tribal-colony-dm-plans/) എന്നീ കോളനികൾക്ക് വേണ്ടിയാണ് പദ്ധതികൾ തയ്യാറാക്കിയത്. പദ്ധതിയുടെ ഭാഗമായി ഉന്നതികളിലെ യുവാക്കളുടെ പരിശീലനവും നടന്നു. പദ്ധതി സംബന്ധിച്ച് കൈപ്പുസ്തകവും പ്രസിദ്ധീകരിച്ചു. ലിങ്ക് ഇവിടെ ലഭിക്കും https://tinyurl.com/5y42kw9w.




## 1.47 നെടർലൻഡ്സ്–കേരള: Digital Cooperation Seminar series

കേരളവും, നെതർലാൻഡ്സ് സർക്കാരും തമ്മിലുള്ള സാങ്കേതിക സഹകരണത്തിലെ ഒരു ഘടകമായ ദുരന്ത അതിജീവനശേഷി വർധനവും (Building Resilience), സമഗ്ര ജല വിഭവ പരിപാലനവും (Integrated Water Resource Management) Digital Cooperation Seminar series 25-11-2021, 26-11-2021 തീയതികളിൽ നടന്നു. ബഹു. റവന്യൂ മന്ത്രി ഉത്ഘാടനം ചെയ്ത പരിപാടിയിൽ ഇന്ത്യയിലെ നെതർലാൻഡ്സ് കോൺസുലർ ജനറൽ, ഇന്ത്യൻ എംബസ്സി സെക്കൻഡ് സെക്രട്ടറി, ജല വിഭവ വകുപ്പ് സെക്രട്ടറി, ദുരന്ത നിവാരണ കമ്മീഷണർ എന്നിവർ പങ്കെടുത്തു. നെതർലാൻഡ്സ് സര്ക്കാർ, കേരള ജല വിഭവ വകുപ്പ് , സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, നെതർലാൻഡ്സ് ലെ, ട്വന്റെ സർവകലാശാലയിലെ ദുരന്ത അതിജീവനശേഷി (Centre for Disaster Resilience) സെന്റർ എന്നിവർ ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്. ദുരന്ത അതിജീവനശേഷി വർധനവും (Building Resilience), സമഗ്ര ജല വിഭവ പരിപാലനവും (Integrated Water Resource Management) എന്ന രണ്ടു മേഖലയിലെയും വിദഗ്ദ്ധർ നെതർലാൻഡ്സ് ഈ വിഷയങ്ങളിൽ കൈവരിച്ച സാങ്കേതിക വൈഭവം അവതരിപ്പിച്ചു. വിശദമായ വീഡിയോ ലിങ്ക് ചുവടെ ചേർക്കുന്നു.

- 25-11-2021: https://vimeo.com/649992712/06ae84b601



- 26-11-2021: https://vimeo.com/650327316/5d2c8610f0
- റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2022/03/Proceedings-NLKL-2021.pdf

### 1.48 ദുരന്ത ലഘൂകരണം സംബന്ധിച്ച യൂട്യൂബ് ചർച്ചാ സീരീസ്


സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ദുരന്ത ലഘൂകരണം സംബന്ധിച്ച ചർച്ചകൾ യൂട്യൂബ് സീരീസ് ആയി നടത്തി.

- ഐ.പി.സി.സി റിപ്പോർട്ട് - കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതിയും - ശ്രീമതി അമൃത കെ (https://youtu.be/gBnqbb16WsY)
- ഐപിസിസി റിപ്പോർട്ട് - കാലാവസ്ഥാ വ്യതിയാനവും കേരളവും - ഡോ. ഷിനു ഷീല വിൽസൺ (https://youtu.be/f1QkCOWysxw)
- ഐപിസിസി റിപ്പോർട്ട് - അന്തരീക്ഷ താപ നിലയിലെ വർദ്ധനവും സമുദ്രത്തിലുണ്ടാകുന്ന മാറ്റങ്ങളും - ഡോ. ആൽഫ്രെഡ് ജോണി (https://youtu.be/2YifjCC7YSM)
- കാലാവസ്ഥാ വ്യതിയാനം കാർഷിക മേഖലയിൽ - ഡോ. അശ്വതി എസ്. നായർ (https://youtu.be/7zm2YnsqmnY)
- ഐപിസിസി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സുസ്ഥിരമായ പാർപ്പിടങ്ങൾ - ആർക്കിടെക്ട് ഇന്ദു വി (https://youtu.be/y5OshtefwFA)
- കാലാവസ്ഥാ വ്യതിയാനം- ജലശാസ്ത്രപരമായ മാറ്റങ്ങളും അതിന്റെ സ്വാധീനവും - ശ്രീമതി ലക്ഷ്മി (https://youtu.be/fjsFsCkQZVk)
- കാലാവസ്ഥാ വ്യതിയാനം- തദ്ദേശ സ്ഥാപന തലത്തിൽ നടത്താവുന്ന ഇടപെടലുകൾ - ശ്രീ ടിനോജ് (https://youtu.be/8WY4OJDb_R8)
- ഐ.പി.സി.സി റിപ്പോർട്ട് - കാലാവസ്ഥാ വ്യതിയാനവും ഭൂമിശാസ്ത്രപരമായ ദുരന്ത സാധ്യതകളും - ശ്രീ അജിൻ (https://youtu.be/MYyLQJcW8MA)
- സെൻഡായി രൂപരേഖയുടെ പ്രതിഫലനം - ശ്രീ സത്യകുമാർ സി.ജെ (https://youtu.be/OTWXjX1Cj_c)
- Animal Care during disasters (English) - https://youtu.be/FeUTCOY56gc
- ദുരന്ത സമയങ്ങളിലെ മൃഗസംരക്ഷണം - https://youtu.be/AEreOr2ksg0, https://youtu.be/8ml_4M8yaVA

## 1.49 ആപതാ മിത്ര - കോട്ടയം - പദ്ധതി പൂർത്തീകരണ റിപോർട്ട്

തീവ്ര മഴ, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങൾ ആവർത്തിച്ച് നേരിടുന്ന കോട്ടയം ജില്ലയിൽ, 2020-2021-ൽ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ ആപ്ദാ മിത്ര പദ്ധതിയുടെ ഭാഗമായി ഒരു പ്രധാനപ്പെട്ട സന്നദ്ധ പ്രവർത്തക പരിശീലന പരിപാടി നടന്നു. ഈ പദ്ധതി, ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ (NDMA) മാർഗനിർദ്ദേശപ്രകാരം, പൊതുജനങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളെ ദുരന്തപ്രതികരണ പ്രവർത്തനങ്ങൾക്ക് സജ്ജമാക്കുന്നതാണ് ലക്ഷ്യമിടുന്നത്.


കോട്ടയം ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള 200-ലധികം സന്നദ്ധ പ്രവർത്തകർ ഈ പരിശീലനത്തിൽ പങ്കെടുത്തു. പരിശീലനം അഞ്ച് ദിവസത്തെ തീവ്ര കോഴ്സായി രൂപകൽപ്പന ചെയ്തതായിരുന്നു, അതിൽ ജലദുരന്തങ്ങൾ, പ്രാഥമിക ചികിത്സ, CPR, രക്ഷാപ്രവർത്തന സാങ്കേതികതകൾ, സുരക്ഷിത ഒഴിപ്പിക്കൽ, ക്യാമ്പ് മാനേജ്മെന്റ്, താത്കാലിക ആശ്രയകേന്ദ്രങ്ങളുടെ ക്രമീകരണം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി. ഫയർ & റെസ്ക്യൂ വിഭാഗം, സിവിൽ ഡിഫൻസ്, NDRF, റെഡ് ക്രോസ് തുടങ്ങിയ ഏജൻസികളുടെ സാങ്കേതിക സഹകരണത്തോടെ പരിശീലനം നടന്നു.




പരിശീലനം നേടിയ ആപ്ദാ മിത്ര പ്രവർത്തകർ പിന്നീട് തങ്ങളുടെ തദ്ദേശീയതലത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേർന്നു. പ്രാദേശിക ഭരണസംവിധാനങ്ങളുമായി സഹകരിച്ച്, അവർ ദുരന്തസാധ്യതയുള്ള പ്രദേശങ്ങളിൽ ജാഗ്രതാ സന്ദേശങ്ങൾ പ്രചരിപ്പിക്കുകയും, അപകടസാധ്യതയുള്ള കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുകയും, പ്രാഥമിക സഹായം നൽകുകയും ചെയ്തു.

ഈ റിപ്പോർട്ട്, ആപ്ദാ മിത്ര പരിശീലനത്തിന്റെ ഘട്ടങ്ങൾ, പങ്കാളിത്തം, പഠനങ്ങൾ, വെല്ലുവിളികൾ, ഭാവിയിലേക്കുള്ള ശുപാർശകൾ എന്നിവ വിശദമായി രേഖപ്പെടുത്തുന്നു. അതിലൂടെ, സന്നദ്ധ പ്രവർത്തകരുടെ പങ്ക് ദുരന്തനിവാരണത്തിൽ എത്രമാത്രം നിർണായകമാണെന്ന് തെളിയിക്കുന്നു. ഈ മാതൃക, മറ്റ് ജില്ലകൾക്കും പ്രചോദനമാകുന്നതാണ്. റിപോർട്ട് ഇവിടെ ലഭ്യമാണ് https://tinyurl.com/4uyte32c.

## 1.50 2021ലെ ഉരുൾപൊട്ടലുകൾ


भारत सरकार
Government of India
राष्ट्रीय आपदा प्रबंधन प्राधिकरण
NATIONAL DISASTER MANAGEMENT AUTHORITY
"NDMA Bhawan", A-1 Safdarjung Enclave,
New Delhi -110029

No 05/239/2021/NDMA/CBT Dated: 19th August, 2021

To
Chief Secretaries/Principal Secretaries
(All States & UTs)

**Subject: Implementation of Disability inclusive Disaster Risk Reduction (DIDRR) Project by KSDMA-Sharing of Best Practices.**

Sir/Madam,

Disasters have created enormous challenges for vulnerable population, especially the person with disabilities in India. The population of persons with disabilities in the country is 2.68 Crores (as per Census 2011) which are at a higher risk.

2. NDMA has addressed the inclusion of persons with disabilities in the National Disaster Management Plan (NDMP- 2019) of India. NDMA has also brought out specific guidelines on Disability inclusive Disaster Risk Reduction (DiDRR). It is expected from States to implement the NDMA guidelines and take the Disability inclusive Disaster Risk Reduction (DiDRR) forward.

3. In this direction Kerala State Disaster Management Authority (KSDMA) has developed toolkit alongwith the necessary training materials for differently abled people under the project "Strengthen of Emergency Response Capabilities of the Differently Abled in Kerala". A write up on the same prepared by NDMA is enclosed. The details of the project may be accessed on the link www.sdma.kerala.gov.in.

4. It is requested that the initiative of the State of Kerala may be considered for adoption in the States. It is also requested that any best practice developed by the State may be shared with NDMA for further dissemination.

Encls: As above

Yours faithfully
(Nawal Prakash)
Joint Advisor (CBT)
E-Mail: cbt@ndma.gov.in
Tele No: 011-26701719

Copy to:-
Relief Commissioner of all States

പടിഞ്ഞാറൻ പസഫിക് സമുദ്രത്തിൽ രൂപപ്പെട്ട 'കൊംപാസു' ചുഴലിക്കാറ്റും, വടക്കൻ ആൻഡമാൻ കടലിലും സമീപ പ്രദേശങ്ങളിലും ഉണ്ടായ ചുഴലികാന്തതയും ചേർന്ന് മൺസൂൺ പടിഞ്ഞാറൻ കാറ്റുകൾ ശക്തിപ്പെടുത്തിയതിന്റെ ഫലമായി സംസ്ഥാനത്ത് വ്യാപകമായ അതിശക്തമായ മഴ അനുഭവപ്പെട്ടു.

2021 ഒക്ടോബർ 16-ന് കോട്ടയം ജി ല്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ മാത്രം 23 മണ്ണിടിച്ചിൽ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. കൂറ്റിക്കൽ, ഇടക്കുന്നം, മുണ്ടക്കയം, എരുമേലി നോർത്ത്, കൊരുത്തോട് എന്നീ ഗ്രാമങ്ങളിലാണ് പ്രധാനമായും സംഭവങ്ങൾ ഉണ്ടായത്. അതേ ദിവസം, മീനച്ചിൽ താലൂക്കിലെ വിവിധ സ്ഥലങ്ങളിലും മണ്ണിടിച്ചിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇവയിൽ ഏറ്റവും കൂടുതൽ ബാധിതമായത് കൂറ്റിക്കൽ ഗ്രാമമായിരുന്നു. മണ്ണിടിച്ചിലിനെ തുടർന്ന് കൂറ്റിക്കലിൽ കാണാതായതായി റിപ്പോർട്ട് ചെയ്ത 13 പേരുടെ മൃതദേഹങ്ങൾ കണ്ടെത്തിയിട്ടുണ്ട്.



2021 ഒക്ടോബർ 16-ന് ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ മാത്രം ഏകദേശം 23 മണ്ണിടിച്ചിൽ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. പ്രധാന മണ്ണിടിച്ചിൽ പീരുമേട് താലൂക്കിലെ കൊക്കയാർ ഗ്രാമത്തിലെ മാക്കോച്ചിയിൽ രാവിലെ 11 മണിയോടെയാണ് ഉണ്ടായത്. ഈ ഭീകരമായ മണ്ണിടിച്ചിൽ വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കി, 7 പേരുടെ ജീവൻ നഷ്ടപ്പെട്ടു, അതിൽ 5 പേർ കുട്ടികളായിരുന്നു.

വിശദമായ റിപോർട്ട് ഇവിടെ ലഭ്യമാണ് https://tinyurl.com/23mxt34p.


## 1.51 ഭിന്നശേഷി സൌഹൃത ദുരന്ത ലഘൂകരണം - ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ അംഗീകാരം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടപ്പാക്കി വരുന്ന ഭിന്നശേഷി സൌഹൃത ദുരന്ത ലഘൂകരണ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ടൂൾകിറ്റ്

രാജ്യത്തിന് മാതൃക ആണ് എന്നതിനാൽ കത്ത് നമ്പർ 05/239/2021/NDMA/CBT dated 19-8-2021 പ്രകാരം എല്ലാ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റികളും നടപ്പാക്കുന്നതിനായി ദേശീയ ദുരന്ത നിവാരണ അതോറിറ്റി നിർദേശം നല്കി.

## 1.52 2021ലെ വരൾച്ചാ അവലോകന റിപ്പോർട്ട്

2021-ലെ ജൂൺ-ജൂലൈ മാസങ്ങളിൽ കേരളത്തിൽ അനുഭവപ്പെട്ട വരൾച്ചയെ കുറിച്ചുള്ള ഈ റിപ്പോർട്ട് പ്രകാരം, സംസ്ഥാനത്തെ പല ജില്ലകളിലും ദീർഘകാല ശരാശരി മഴയുമായി താരതമ്യപ്പെടുത്തുമ്പോൾ വലിയ കുറവുകൾ രേഖപ്പെടുത്തി. പാലക്കാട്, വയനാട്, മലപ്പുറം, കണ്ണൂർ, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ വരൾച്ചയുടെ ലക്ഷണങ്ങൾ ശക്തമായി പ്രകടമായി. 67 ഐഎംഡി സ്റ്റേഷനുകളിൽ 29-ൽ വരൾച്ച ട്രിഗർ സംഭവിച്ചതായി കണ്ടെത്തി. ഭൂജലനിര പ്പിന്റെ കുറവ്, സസ്യവളർച്ചാ സൂചികയിലെ തകർച്ച, കൃഷിയിടങ്ങളുടെ കുറവ് എന്നിവയും വരൾച്ചയുടെ ഗൗരവം വ്യക്തമാക്കുന്നു. വരും മാസങ്ങളിൽ മഴ ശക്തിപ്പെടാത്ത പക്ഷം സ്ഥിതി കൂടുതൽ മോശമാകാൻ സാധ്യതയുണ്ടെന്ന് റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു https://tinyurl.com/y3833txw. ഒക്ടോബർ 2021ലെ വിവിധ ദുരന്തങ്ങൾ പരിഗണിച്ച് കേരളത്തിലെ 11 ജില്ലകളിലെ 305 വില്ലേജുകളെ ദുരന്ത നിവാരണ അതോറിറ്റിയുടെ ശുപാർശ പരിഗണിച്ച് GO (P) No. 1/2022/DMD dated 3-2-2022 പ്രകാരം ദുരന്ത ബാധിതമായി പ്രഖ്യാപിച്ചു. https://sdma.kerala.gov.in/wp-content/uploads/2022/02/G.O_P_1_2020_DMD.pdf




## 1.53 വേനൽക്കാല ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ

കേരളത്തിൻറെ രേഖപ്പെടുത്തപ്പെട്ട ചരിത്രത്തിലെ ഏറ്റവും ചൂടേറിയ വര്ഷങ്ങളുടെ പട്ടികയിൽ 8 ആം സ്ഥാനമാണ് 2021 നേടിയത്. വാർഷിക ശരാശരി താപനില ദീർഘകാല ശരാശരിയേക്കാൾ +0.40°C കൂടുതൽ രേഖപ്പെടുത്തിയതായി ഇൻസ്റ്റിട്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് പ്രസിദ്ധീകരിച്ച 'ക്ലൈമറ്റ് സ്റ്റേറ്റ്മെന്റ്' വ്യക്തമാക്കുന്നു. 2012 മുതൽ 2021 വരെയുള്ള ദശാബ്ദം കേരളത്തിൻറെ ഏറ്റവും ചൂടേറിയ ദശാബ്ദമായും മാറി. പകൽ താപനില ഉയരുന്നതിന് പുറമെ രാത്രികാല താപനിലയിലും (Minimum Temperature) വലിയ വർദ്ധനവ് രേഖപ്പെടുത്തപ്പെട്ടു. ജനുവരി മാസത്തിലെ ശരാശരിരാത്രികാല താപനില ദീർഘകാല ശരാശരിയേക്കാൾ 1.48°C വർദ്ധനവ് രേഖപ്പെടുത്തി. ജനുവരി മുതൽ തന്നെ ചൂട് വർധിച്ചു വരികയും




ഫെബ്രുവാരി മുതൽ ഏപ്രിൽ വരെ ശക്തമായി തന്നെ തുടരുകയും ചെയ്തു. മെയ് മാസത്തിൽ വേനൽ മഴ ലഭിക്കുകയും ചൂടിന് നേരിയ ശമനമുണ്ടാവുകയും ചെയ്തെങ്കിലും ജൂൺ മാസത്തിലും മിക്ക ദിവസങ്ങളിലും സാധാരണയിൽ കവിഞ്ഞ താപനിലയാണ് 2021 ൽ രേഖപ്പെടുത്തപ്പെട്ടത്. കോവിഡ് നിയന്ത്രണങ്ങളും സംസ്ഥാന നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പും വേനൽക്കാലത്തെ പ്രധാന സംഭവങ്ങളായിരുന്നു. ചൂട് മൂലമുള്ള മരണങ്ങൾ 2021 ൽ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**സ്വീകരിച്ച നടപടികൾ**

ഫെബ്രുവരി മാസം മുതൽ തന്നെ താപനില മുന്നറിയിപ്പുകൾ, മുൻകരുതൽ നിർദേശങ്ങൾ എന്നിവ മാധ്യമങ്ങൾ, റേഡിയോ, സാമൂഹിക മാധ്യമങ്ങൾ തുടങ്ങി വിവിധ മാർഗങ്ങളിലൂടെ പ്രചരിപ്പിച്ചു. എല്ലാ ദിവസവും കേന്ദ്ര കാലാവസ്ഥ വകുപ്പിൽ നിന്ന് ലഭ്യമാകുന്ന അടുത്ത 5 ദിവസത്തെക്കുള്ള താപനില മുന്നറിയിപ്പുകൾ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം പ്രസിദ്ധീകരിച്ചു.

സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പ് പ്രമാണിച്ച് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടികൾ, പൊതുജനങ്ങൾ എന്നിവർക്ക് പ്രത്യേക നിർദേശങ്ങൾ തിരഞ്ഞെടുപ്പ് പ്രചാരണഘട്ടത്തിലും പോളിംഗ് ദിവസങ്ങളിലും നൽകി.

സംസ്ഥാന ഹീറ്റ് ആക്ഷൻ പ്ലാനിൽ നിർദേശിക്കപ്പെട്ട ഉഷ്ണകാല തയ്യാറെടുപ്പ്, പ്രതികരണ പ്രതിരോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദേശം നൽകി. ഇതിൻറെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിച്ചു. തൊഴിൽ വകുപ്പ് തൊഴിൽ സമയം പുനഃക്രമീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. മറ്റ് വകുപ്പുകളും നിർദേശിക്കപ്പെട്ട നടപടികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമിച്ചു.

ഉഷ്ണകാല ദുരന്ത ലഘൂകരണം ലക്ഷ്യമിട്ട് പാലക്കാട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ ആശാവർക്കർമാർ എന്നിവർക്കായി 2021 മാർച്ച് 6 ന് സംഘടിപ്പിച്ച ഓൺലൈൻ പരിശീലന പരിപാടിയിൽ സംസ്ഥാന ദുരന്ത നിവരാണ അതോറിറ്റിയിലെ വിദഗ്ദർ ക്ലാസുകൾ എടുത്തു.

വേനൽക്കാല ദുരന്ത ലഘൂകരണ ക്യാമ്പയിനിന്റെ ഭാഗമായി 2021 മാർച്ച് 9, 10 തീയതികളിൽ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കുമായി വെബ്ബിനാർ സംഘടിപ്പിച്ചു. മാർച്ച് 9 ന് ഉദ്യോഗസ്ഥർക്കായി സംഘടിപ്പിച്ച വെബ്ബിനാർ ദുരന്ത നിവാരണ കമ്മീഷ്ണർ ഡോ.എ കൗശിഗൻ ഉദ്ഘാടനം ചെയ്തു. ഹീറ്റ് ആക്ഷൻ പ്ലാനിലെ വകുപ്പുകൾക്കുള്ള നിർദേശങ്ങൾ സംബന്ധിച്ചു ചർച്ച ചെയ്യുകയും അതാത് വകുപ്പുകളിൽ അവ നടപ്പിലാക്കാൻ നിർദേശങ്ങൾ നൽകുകയും ചെയ്തു. മാർച്ച് 10 ന് പൊതുജനങ്ങൾക്കായുള്ള വെബ്ബിനാരിൽ മെമ്പർ സെക്രട്ടറി ഡോ.ശേഖർ കുര്യാക്കോസ് ആമുഖ പ്രഭാഷണം നടത്തി. ഉഷ്ണകാല ദുരന്ത സാദ്ധ്യതകളെ സംബന്ധിച്ചും അവയെ നേരിടാൻ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളെ സംബന്ധിച്ചും ഹസാഡ് അനലിസ്റ്റ് ഫഹദ് മർസൂക്ക് ക്ലാസ് എടുത്തു. ഉഷ്ണകാല ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള സെഷൻ ഹസാഡ് അനലിസ്റ്റ് റോണു മാത്യു കൈകാര്യം ചെയ്തു. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2021/03/Report-of-SHRC-2021.pdf എന്ന ലിങ്കിൽ ലഭ്യമാണ്.

### 1.54 ഇടിമിന്നൽ

കേരളത്തിലെ ഇടിമിന്നൽ സീസണുകളിൽ പ്രധാനപ്പെട്ടതാണ് മാർച്ച് മുതൽ മെയ് വരെയുള്ള പ്രീ മൺസൂൺ സീസൺ. വേനൽ മഴയോടൊപ്പമെത്തുന്ന ഇടിമിന്നലുകളും ശക്തമായ കാറ്റും വലിയ നാശനഷ്ടം സംസ്ഥാനത്ത് വിതക്കാറുണ്ട്. 2021 ൽ 12 പേർക്കാണ് ഇടിമിന്നൽ മൂലം ജീവൻ നഷ്ടമായത്. അതിൽ 11 മരണങ്ങളും 2021 വേനൽക്കാലത്തുണ്ടായ ഇടിമിന്നലിലാണ് സംഭവിച്ചത്. വേനൽക്കാല ദുരന്തങ്ങളിൽ ഇടിമിന്നലുകളെ പ്രധാനമായി കണ്ടുകൊണ്ട് തന്നെ ശക്തമായ ക്യാമ്പയിൻ സംഘടിപ്പിച്ചു. മാർച്ച്-ഏപ്രിൽ മാസങ്ങളിൽ ആരംഭിച്ച ഇടിമിന്നൽ ദുരന്ത ലഘൂകരണ ക്യാമ്പയിന്റെ ഭാഗമായി സുരക്ഷാ നിർദേശങ്ങൾ മുന്നറിയിപ്പുള്ള ദിവസങ്ങളിൽ വ്യാപകമായി പ്രചരിപ്പിച്ചു. ഇടിമിന്നൽ ദുരന്ത ലഘൂകരണം ലക്ഷ്യമാക്കി സ്വീകരിച്ച മറ്റ് പ്രധാന നടപടികൾ.

ഇടിമിന്നൽ മുന്നറിയിപ്പ് ജനങ്ങളിലേക്ക് വ്യാപകമായി പ്രചരിപ്പിക്കുന്നതിനായി കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ damini മൊബൈൽ ആപ്ലിക്കേഷൻ പരിചയപ്പെടുത്തിക്കൊണ്ട് പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിച്ചു.

ഇടിമിന്നൽ മുന്നറിയിപ്പ് കാര്യക്ഷമമാക്കുന്നതിനായി ഈ രംഗത്തെ പ്രധാന അന്താരാഷ്ട്ര സ്വകാര്യ സ്ഥാപനമായ Earth Networks ൻറെ ഇടിമിന്നൽ മുന്നറിയിപ്പ് സംവിധാനം കേരളത്തിലും സ്ഥാപിച്ചു. ഇതിൻറെ ഭാഗമായി കേരളത്തിൽ 4

ഇടിമിന്നൽ സെൻസറുകൾ സ്ഥാപിച്ചു. തിരുവനന്തപുരം KSDMA ആസ്ഥാനം, ഇടുക്കി, തൃശൂർ, കണ്ണൂർ ജില്ലാ കളക്ടറേറ്റുകൾ എന്നിവിടങ്ങളിലായാണ് ഇടിമിന്നൽ സെൻസറുകൾ സ്ഥാപിച്ചിട്ടുള്ളത്. Earth networks മായുള്ള സഹകരണം ഒരു വർഷത്തേക്ക് പൈലറ്റ് അടിസ്ഥാനത്തിൽ നടത്തുകയും വിദഗ്ദസമിതിയുടെ പരിശോധനക്ക് ശേഷം തുരണമോ വേണ്ടയോ എന്ന് തീരുമാനിക്കുകയും ചെയ്യും.

ഇടിമിന്നൽ ദുരന്ത ലഘൂകരണം ലക്ഷ്യമിട്ട് 2021 ജൂൺ 7 ന് വിവിധ വകുപ്പ് ഉദ്യോഗസ്ഥർക്കും നിർമ്മാണ മേഖലയിലെ സർക്കാർ അക്രെഡിറ്റഡ് ഏജൻസികൾക്കുമായി ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചു. മെമ്പർ സെക്രട്ടറി ആമുഖ പ്രഭാഷണം നടത്തിയ പരിശീലന പരിപാടിയിൽ ഇടിമിന്നൽ ദുരന്തം കേരളത്തിൽ എന്ന വിഷയത്തിൽ ഹസാഡ് അനലിസ്റ്റ് ഫഹദ് മർസൂക്കും ഇടിമിന്നലും സ്ട്രക്ച്ചറൽ സേഫ്റ്റി എന്ന വിഷയത്തിൽ ഹസാഡ് അനലിസ്റ്റ് ഗോകുലും സെഷനുകൾ കൈകാര്യം ചെയ്തു. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2021/06/Report-lighning-risk-reduction-campaign2021-1.pdf എന്ന ലിങ്കിൽ ലഭ്യമാണ്.

ഇടിമിന്നൽ ദുരന്ത ലഘൂകരണം ലക്ഷ്യമാക്കി കേരള സംസ്ഥാന ഇടിമിന്നൽ ആക്ഷൻ പ്ലാനിൻറെ കരട് തയ്യാറാക്കി. വിവിധ വകുപ്പുകളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ഉൾപ്പെടുത്തി. പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ അറിയിക്കുന്നതിനായി കരട് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി.

## 1.55 തദ്ദേശ സ്വയംഭരണ സ്ഥാപന തല ദുരന്ത നിവാരണ പദ്ധതികളുടെ സംയുക്ത അവലോകന റിപ്പോർട്ട്


കേരളത്തിലെ 941 ഗ്രാമപഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, 6 കോർപ്പറേഷനുകൾ ഉൾപ്പെടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ദുരന്ത നിവാരണ പദ്ധതികൾ തയ്യാറാക്കാൻ സംസ്ഥാന സർക്കാർ നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, 2019 ഡിസംബർ മുതൽ സംസ്ഥാനതലത്തിൽ വ്യാപകമായ ഗ്രാസ്റൂട്ട് കൺസൾട്ടേഷനുകൾ നടത്തി. ജൂൺ 2021ന് റിപോർട്ട് പ്രസിദ്ധീകരിച്ചു.

🔍 അവലോകനത്തിന്റെ പ്രധാന കണ്ടെത്തലുകൾ

- ഭൂരിഭാഗം LSG-കളുടെ പദ്ധതി രൂപീകരണത്തിൽ ജനപങ്കാളിത്തം കുറവായിരുന്നു.
- പല പദ്ധതികളും ടെംപ്ലേറ്റ് പൂരിപ്പിക്കൽ മാത്രമായി, സ്ഥലംപ്രധാനമായ അപകട സാധ്യതകൾ, സാമൂഹിക-ഭൗതിക വലിപ്പങ്ങൾ എന്നിവയുടെ വിശകലനം ഇല്ലാതെയായിരുന്നു.
- 1, 2, 3 അധ്യായങ്ങളിൽ ആവശ്യമായ ഭൂപടങ്ങൾ, ജനസംഖ്യാ വിവരങ്ങൾ, അപകട ചരിത്രം എന്നിവ അപൂർണ്ണമായും അശുദ്ധമായും ഉൾപ്പെടുത്തിയിട്ടുണ്ട്.
- 4, 6 അധ്യായങ്ങളിൽ ഉൾപ്പെടുത്തേണ്ട അപകട കുറയ്ക്കൽ പദ്ധതികൾ, തദ്ദേശീയ ഇടപെടലുകൾ എന്നിവ മിക്ക LSG-കളിലും ഇല്ലാതെയോ പൊതുവായോ ആണ്.
- തിരുവനന്തപുരം കോർപ്പറേഷൻ, കിളിമാനൂർ, മാടവൂർ, പുളിമത്ത് തുടങ്ങിയ ചില പഞ്ചായത്തുകൾ മികച്ച പദ്ധതി രൂപീകരണം നടത്തിയിട്ടുണ്ട്.

🛠️ പരിശീലന ആവശ്യകത

- LSGD ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും അടിസ്ഥാന ദുരന്ത നിവാരണ പരിശീലനം
- ERT അംഗങ്ങൾക്കായി തിരച്ചിലും രക്ഷാപ്രവർത്തനവും, തീവ്രാവസ്ഥാ പ്രതികരണവും
- സമൂഹത്തിനായി ജാഗ്രതാ പരിശീലനങ്ങൾ, പ്രാഥമിക ചികിത്സ, നീന്തൽ പരിശീലനം


Consolidated Report on Sector Level Review of LSG DM Plans

Submitted by
Kerala State Disaster Management Authority

June 2021

📌 പ്രധാന ശുപാർശകൾ

- ഭൂപടങ്ങൾ, ജനസംഖ്യാ വിവരങ്ങൾ, അപകട സാധ്യതകൾ എന്നിവയുടെ സമഗ്ര വിശകലനം ഉൾപ്പെടുത്തണം
- തദ്ദേശീയ അറിവ്, കഴിഞ്ഞ ദുരന്തങ്ങളിൽ നിന്നുള്ള അനുഭവങ്ങൾ ഉൾപ്പെടുത്തണം
- LSG തലത്തിൽ DM സെല്ലുകൾ സജീവമാക്കണം

- വാർഡ് തല വിവരങ്ങൾ, ERT അംഗങ്ങളുടെ ഉത്തരവാദിത്വങ്ങൾ, ആസൂത്രിത ഇടപെടലുകൾ എന്നിവ വ്യക്തമായി രേഖപ്പെടുത്തണം

റിപോർട്ട്: https://sdma.kerala.gov.in/wp-content/uploads/2021/06/Consolidated_report_-_JJG_110621.pdf

## 1.56 പുരസ്കാരം

ദുരന്ത നിവാരണ അതോറിറ്റിയിലെ വിദഗ്ദ്ധർക്ക് സംസ്ഥാന തല പുരസ്കാരം. Ms. Anjaly Visanth (Best District Hazard Analyst), Mr. Pradeep Gopinathan Nair (Best Sectoral Specialist), Mr. Ajin R.S (Best State Hazard Analyst), Ms. Noushaba Nas (Best Local Self Government DM Plan Coordinator) എന്നിവർക്ക് റവന്യൂ ദിനത്തിൽ (22-2-2022) സംസ്ഥാന തല പുരസ്കാരം നല്കി ആദരിച്ചു.



ശ്രീമതി. അഞ്ജലി പരമേശ്വരൻ
ഹസാർഡ് അനലിസ്റ്റ്, എറണാകുളം



ശ്രീ. പ്രദീപ് ജി.എസ്
ഹസാർഡ് & റിസ്ക് അനലിസ്റ്റ്,
സംസ്ഥാന എമർജൻസി
ഓപ്പറേഷൻ സെന്റർ



ശ്രീ. അജിൻ ആർ എസ്
ഹസാർഡ് അനലിസ്റ്റ് (ജിയോളജി),
സംസ്ഥാന എമർജൻസി
ഓപ്പറേഷൻ സെന്റർ



ശ്രീമതി നൗഷഭ നാസ് പി.പി
തദ്ദേശ സ്ഥാപനതല
ദുരന്തലഘൂകരണ പദ്ധതി കോ-
ഓഡിനേറ്റർ, തൃശ്ശൂർ

## 1.57 സന്ദർശനം - ലോക ബാങ്ക്

ശ്രീ. അഭാസ് ജാ (പ്രാക്ടീസ് മാനേജർ, കാലാവസ്ഥാ മാറ്റം & ദുരന്ത ദുരന്ത നിവാരണം – ദക്ഷിണേഷ്യ), ശ്രീ മതി എലിഫ് അയ്ഹാൻ (സീനിയർ ദുരന്തനിർമ്മാണ വിദഗ്ദ്ധൻ – ദക്ഷിണേഷ്യ), ശ്രീ. ദീപക് സിംഗ് (ലീഡ് ദുരന്ത അപകട മാനേജ്മെന്റ് വിദഗ്ദ്ധൻ), ശ്രീ. സോണി തോമസ് (പ്രോജക്ട് മാനേജ്മെന്റ് & പബ്ലിക് അഫയേഴ്സ് വിദഗ്ദ്ധൻ, വേൾഡ് ബാങ്ക്) എന്നിവർ 28-3-2022ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സന്ദർശിച്ചു.



## 1.58 നെടർലൻഡ്സ്–കേരള നാലാമത്തെ റൗണ്ട് ടേബിൾ ചർച്ച

നെടർലൻഡ്സും കേരളവും തമ്മിലുള്ള സഹകരണത്തിന്റെ ഭാഗമായി നാലാമത്തെ റൗണ്ട് ടേബിൾ ചർച്ച 10-3-2022ന് തിരുവനന്തപുരത്ത് നടന്നു. പരിസ്ഥിതി, ജലസംരക്ഷണം, ദുരന്ത അപകട കുറയ്ക്കൽ, നഗര വികസനം, സുസ്ഥിരത എന്നിവയെ ആസ്പദമാക്കി വിവിധ മേഖലകളിൽ സഹകരണ സാധ്യതകൾ ചർച്ച ചെയ്യപ്പെട്ടു. മെംബർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് ചർച്ചയിൽ പങ്കെടുത്തു.

◆ പ്രധാന ചർച്ചാവിഷയങ്ങൾ:

- ജലഭദ്രതയും നദീപരിപാലനവും

- നഗര മേഖലകളിലെ കാലാവസ്ഥാ പ്രതിരോധ ശേഷി
- സുസ്ഥിര കൃഷി, ഭക്ഷ്യസുരക്ഷ
- ഡാറ്റാ പങ്കുവെപ്പ്, capacity building, knowledge exchange




◆ പ്രതിനിധികൾ: കേരള സർക്കാർ, നെടർലൻഡ്സ് എംബസി, വിവിധ ഗവേഷണ സ്ഥാപനങ്ങൾ, World Bank, UNDP, KSDMA, LSGD, WRD, Planning Board തുടങ്ങിയവയുടെ പ്രതിനിധികൾ പങ്കെടുത്തു.

◆ പ്രതീക്ഷകൾ:

- സംയുക്ത പ്രവർത്തന പദ്ധതികൾ രൂപപ്പെടു ത്തൽ
- പൈലറ്റ് പ്രോജക്ടുകൾ ആരംഭിക്കൽ
- നെടർലൻഡ്സിന്റെ ടെക്നിക്കൽ വിദഗ്ധത കേരളത്തിൽ പ്രയോഗിക്കൽ

ഈ ചർച്ച കേരളത്തിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കായി അന്താരാഷ്ട്ര സഹകരണത്തെ ശക്തിപ്പെടുത്തുന്ന ഒരു പ്രധാന ഘട്ടമായാണ് വിലയിരുത്തപ്പെടുന്നത്. നെടർലൻഡ്സ് സംഘം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സന്ദർശിച്ചു.

## 1.59 ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി



ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി GO (Rt) No. 453/2021/DMD dated 3-6-2021 പ്രകാരം ഡാമുകളിലെ ജലനിരപ്പ് റൂൾ കർവ് അനുസരിച്ച് നിയന്ത്രിക്കുന്നത് ഉറപ്പ് വരുത്തുന്നതിനുള്ള സമിതി രൂപീകരിക്കപ്പെട്ടു. ഈ സാമ്പത്തിക വർഷം സമിതി 08.06.2021, 29.06.2021, 27.07.2021, 28.08.2021, 28.09.2021, 11.10.2021, 17.10.2021, 18.10.2021, 19.10.2021, 19.10.2021, 20.10.2021, 21.10.2021, 22.10.2021, 23.10.2021, 23.10.2021, 24.10.2021, 24.10.2021, 25.10.2021, 29.10.2021, 30.10.2021, 03.11.2021, 03.11.2021, 14.11.2021, 18.11.2021, 19.11.2021, 26.11.2021 തീയതികളിൽ യോഗങ്ങൾ ചേർന്നു.

## 1.60 സംസ്ഥാനതല ടെലികോം ദുരന്ത ഏകോപന സമിതി

- ടെലികമ്യൂണിക്കേഷൻസ് വകുപ്പ് നേതൃത്വം നല്കുന്നു.
- പ്രധാന ലക്ഷ്യം: ദുരന്തസമയങ്ങളിൽ ടെലികോം സേവനങ്ങൾ തടസ്സമില്ലാതെ തുടരാൻ ടെലികോം സേവനദാതാക്കളും ദുരന്തനിവാരണ അതോറിറ്റികളും അടിയന്തര പ്രതികരണ സംഘങ്ങളും തമ്മിൽ ഏകോപനം ഉറപ്പാക്കുക.
- നോഡൽ ഏജൻസി: ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ് (DoT), ടെലികോം അടിയന്തര സേവനങ്ങൾ (ESF) ഏകോപിപ്പിക്കുന്നതിൽ നേതൃത്വം നൽകുന്നു.
- യോഗം ചേർന്ന തീയതികൾ: 27-2-2018, 5-11-2019, 9-1-2021, 18-5-2021
- അംഗങ്ങൾ:
  - പ്രധാന ടെലികോം സേവനദാതാക്കൾ
  - സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (SDMA)
  - നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് (NDRF)
  - DoT-യുടെ ലോക്കൽ സർവീസ് ഏരിയ (LSA)
  - മറ്റ് ബന്ധപ്പെട്ട ഏജൻസികൾ (പോലീസ്, ഫയർഫോഴ്സ്, സിവിൽ ഡിഫൻസ് മുതലായവ)

**പ്രധാന പ്രവർത്തനങ്ങൾ**

- ദുരന്തത്തിന് മുമ്പ്:
  - ടെലികോം പുനസ്ഥാപനത്തിനും അടിയന്തര പ്രവേശനത്തിനും SOPs തയ്യാറാക്കുക
  - TSPs തമ്മിൽ ഇൻഫ്രാസ്ട്രക്ചർ പങ്കുവെക്കലും ഇന്ററോപ്പറബിലിറ്റിയും ഉറപ്പാക്കുക
  - മൊബൈൽ ടവറുകൾക്കും സാറ്റലൈറ്റ് ബാക്കപ്പിനും പ്രധാന സ്ഥലങ്ങൾ തിരിച്ചറിയുക
- ദുരന്തസമയത്ത്:
  - അടിയന്തര ടെലികോം പ്രോട്ടോകോളുകൾ സജീവമാക്കുക
  - ബാധിച്ച പ്രദേശങ്ങളിൽ ടെലികോം സേവനങ്ങൾ പുനസ്ഥാപിക്കാൻ മുൻഗണന നൽകുക
  - SDMA, NDRF എന്നിവരുമായി ഫീൽഡ് തലത്തിൽ സഹകരിക്കുക
- ദുരന്തത്തിന് ശേഷം:
  - ടെലികോം ഇൻഫ്രാസ്ട്രക്ചറിന്റെ നാശനഷ്ടം വിലയിരുത്തുക

- മൊബൈൽ യൂണിറ്റുകളും സാറ്റലൈറ്റ് ലിങ്കുകളും വേഗത്തിൽ വിന്യസിക്കുക
- SOP-കളുടെ പുതുക്കലിനായി പഠനങ്ങൾ രേഖപ്പെടുത്തുക

## 1.61 ടൗട്ടെ ചുഴലിക്കാറ്റ്

13-19 മെയ് 2021 തീയതികളിൽ അറബിക്കടലിൽ കേരള തീരത്തിനടുത്തായി രൂപം കൊണ്ട് പിന്നീട് വടക്കേ ദിശയിൽ സഞ്ചരിച്ചു ഗുജറാത്തിൽ കര തൊട്ട ടൗട്ടെ ചുഴലിക്കാറ്റ് അതിൻറെ രൂപീകരണ ഘട്ടത്തിൽ കേരളത്തിൽ അപകടങ്ങൾ സൃഷ്ടിച്ചാണ് കടന്നു പോയത്. ശക്തമായ കാറ്റും മഴയും കടലാക്രമണവും ടൗട്ടേയിലേക്ക് നയിച്ച ന്യൂനമർദ രൂപീകരണ ഘട്ടത്തിൽ തന്നെ ഉണ്ടായി. മൽസ്യ തൊഴിലാളികൾക്ക് കൃത്യമായി മുന്നറിയിപ്പ് നൽകുകയും ആരും കടലിൽ അവശേഷിക്കുന്നില്ല എന്ന് ഉറപ്പാക്കുവാനും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ബന്ധപ്പെട്ട വകുപ്പുകളുമായും രക്ഷാസേനകളുമായും ഏകോപനത്തോടെയുള്ള പ്രവർത്തനം വഴി ഉറപ്പാക്കി. തീരദേശ വാസികൾക്ക് പ്രത്യേക ജാഗ്രത നിർദേശങ്ങൾ നൽകി.

# സാമ്പത്തിക വിനിയോഗം 2021-2022

| FY 2021-22 | | | | | | | |
|---|---|---|---|---|---|---|---|
| **Sl No** | **Particulars** | **Opening Balance (A)** | **Amount received (B)** | **Total (C=A+B)** | **Amount Expended (D)** | **Surrender (E)** | **Balance (C-D+E)** |
| | **Amount allotted in the Head of Account** | | | | | | |
| **I** | **H/A 2053-00-094-50-PV** | | | | | | |
| a. | KSDMA PLAN | ₹ - | ₹ 5,26,00,000.00 | ₹ 5,26,00,000.00 | ₹ 4,83,68,329.00 | ₹ 42,31,671.00 | ₹ - |
| | **Total (I)** | **₹ -** | **₹ 5,26,00,000.00** | **₹ 5,26,00,000.00** | **₹ 4,83,68,329.00** | **₹ 42,31,671.00** | **₹ -** |
| **II** | **H/A 2245-80-102-96-00-00-00-N-V** | | | | | | |
| a. | SDMF | ₹ - | ₹ 5,00,00,000.00 | ₹ 5,00,00,000.00 | ₹ 97,04,959.00 | ₹ 4,02,95,041.00 | ₹ - |
| | **Total (II)** | **₹ -** | **₹ 5,00,00,000.00** | **₹ 5,00,00,000.00** | **₹ 97,04,959.00** | **₹ 4,02,95,041.00** | ₹ - |
| | | | | | | | |
| | **Treasury TSB & STSB Accounts** | | | | | | |
| **III** | **PSTSB-799012700000232** | | | | | | |
| a. | SDMA PLAN 2020-21 | ₹ 7,59,204.00 | | ₹ 7,59,204.00 | ₹ 4,86,969.00 | | ₹ 2,72,235.00 |
| | **Total (III)** | **₹ 7,59,204.00** | **₹ -** | **₹ 7,59,204.00** | **₹ 4,86,969.00** | **₹ -** | **₹ 2,72,235.00** |
| **IV** | **STSB-701011400000188** | | | | | | |
| a. | SDMA PLAN FUND 2020-21 | ₹ 59,63,919.00 | | ₹ 59,63,919.00 | ₹ 35,00,000.00 | ₹ - | ₹ 24,63,919.00 |
| b. | Aapadamtira (GoI) | ₹ 4,05,368.00 | | ₹ 4,05,368.00 | ₹ 83,523.00 | ₹ - | ₹ 3,21,845.00 |
| c. | CMDRF Prathyuthanam | ₹ 4,31,31,750.00 | ₹ 25,000.00 | ₹ 4,31,56,750.00 | ₹ - | ₹ - | ₹ 4,31,56,750.00 |
| d. | SDRF | ₹ 1,47,45,586.00 | | ₹ 1,47,45,586.00 | ₹ 63,10,521.00 | ₹ - | ₹ 84,35,065.00 |
| e. | Miscellaneous receipt (DM/1/2010) | ₹ 57,069.00 | | ₹ 57,069.00 | ₹ - | ₹ - | ₹ 57,069.00 |
| f. | Security deposit | ₹ 2,09,098.00 | | ₹ 2,09,098.00 | ₹ - | ₹ - | ₹ 2,09,098.00 |
| g. | SENDAI FRAME Work (GoI) | ₹ 17,03,871.00 | | ₹ 17,03,871.00 | ₹ 2,40,387.00 | ₹ - | ₹ 14,63,484.00 |
| | **Total (IV)** | **₹ 6,62,16,661.00** | **₹ 25,000.00** | **₹ 6,62,41,661.00** | **₹ 1,01,34,431.00** | **₹ -** | **₹ 5,61,07,230.00** |
| **V** | **STSB-701041400000028** | | | | | | |
| a. | SEOC Fund | ₹ 84,70,724.00 | ₹ - | ₹ 84,70,724.00 | ₹ 15,00,000.00 | ₹ - | ₹ 69,70,724.00 |
| | **Total (V)** | **₹ 84,70,724.00** | **₹ -** | **₹ 84,70,724.00** | **₹ 15,00,000.00** | **₹ -** | **₹ 69,70,724.00** |
| | **Bank Accounts** | | | | | | |
| **VI** | **SEOC Bank Account No 33031314643** | | | | | | |
| a. | Interest Accrued | ₹ 6,88,389.00 | ₹ 5,10,477.00 | ₹ 11,98,866.00 | ₹ 2,56,043.00 | ₹ - | ₹ 9,42,823.00 |
| b. | Guralph Seismograph | ₹ 74,82,051.00 | ₹ - | ₹ 74,82,051.00 | ₹ 2,54,673.00 | ₹ - | ₹ 72,27,378.00 |
| c. | Mullapriyar | ₹ 42,25,052.00 | ₹ - | ₹ 42,25,052.00 | ₹ - | ₹ - | ₹ 42,25,052.00 |
| d. | Strengthening SDMA&DDMA | ₹ 1,47,066.00 | ₹ - | ₹ 1,47,066.00 | ₹ - | ₹ - | ₹ 1,47,066.00 |
| e. | Admin Cost | ₹ 1,55,203.00 | ₹ - | ₹ 1,55,203.00 | ₹ - | ₹ - | ₹ 1,55,203.00 |
| f. | RKI Nammal Namukai | ₹ - | ₹ - | ₹ - | ₹ - | ₹ - | ₹ - |
| g. | RKI -LSGD DM Plan | ₹ 5,65,232.00 | ₹ 58,53,903.00 | ₹ 64,19,135.00 | ₹ 59,21,298.00 | ₹ - | ₹ 4,97,837.00 |
| h. | Niti Ayog (GoI) | ₹ 2,70,968.00 | ₹ - | ₹ 2,70,968.00 | ₹ 97,097.00 | ₹ - | ₹ 1,73,871.00 |
| i. | NIDM Fund Received (GoI) | ₹ 49,010.00 | ₹ - | ₹ 49,010.00 | ₹ 48,840.00 | ₹ - | ₹ 170.00 |
| j. | Augmention (GoI) | ₹ 4,07,215.00 | ₹ - | ₹ 4,07,215.00 | ₹ 4,07,215.00 | ₹ - | ₹ - |
| k. | Strengthening ERCEDAP | ₹ 9,26,198.00 | ₹ - | ₹ 9,26,198.00 | ₹ 4,47,696.00 | ₹ - | ₹ 4,78,502.00 |
| l. | Weather Company | ₹ 87,58,753.00 | ₹ - | ₹ 87,58,753.00 | ₹ 77,95,306.00 | ₹ - | ₹ 9,63,447.00 |
| m. | Security deposit | ₹ 79,640.00 | ₹ 4,838.00 | ₹ 84,478.00 | ₹ - | ₹ - | ₹ 84,478.00 |
| n. | ERSS (GoI) | ₹ - | ₹ 18,26,640.00 | ₹ 18,26,640.00 | ₹ - | ₹ - | ₹ 18,26,640.00 |
| | **Total (VI)** | **₹ 2,37,54,777.00** | **₹ 81,95,858.00** | **₹ 3,19,50,635.00** | **₹ 1,52,28,168.00** | **₹ -** | **₹ 1,67,22,467.00** |
| | | | | | | | |
| **VII** | **Externally Funded Project** | | | | | | |
| a. | UNICEF | ₹ 13,93,407.00 | ₹ 19,86,185.00 | ₹ 33,79,592.00 | ₹ 25,91,752.00 | | ₹ 7,87,840.00 |
| | **Total (VII)** | **₹ 13,93,407.00** | **₹ 19,86,185.00** | **₹ 33,79,592.00** | **₹ 25,91,752.00** | **₹ -** | **₹ 7,87,840.00** |
| **VIII** | **Corpus Fund** | | | | | | |
| a. | A/c No 35718875550 | ₹ 10,16,558.00 | ₹ 15,779.00 | ₹ 10,32,337.00 | ₹ 15,779.00 | ₹ - | ₹ 10,16,558.00 |
| b. | A/c No 38858756719 | ₹ 2,75,168.00 | ₹ 3,779.00 | ₹ 2,78,947.00 | ₹ 3,779.00 | ₹ - | ₹ 2,75,168.00 |
| | **Total (VIII)** | **₹ 12,91,726.00** | **₹ 19,558.00** | **₹ 13,11,284.00** | **₹ 19,558.00** | **₹ -** | **₹ 12,91,726.00** |
| **IX** | **SDMF CSR** | | | | | | |
| a. | A/c No 39831022443 | ₹ 1,00,00,000.00 | ₹ 27,77,339.00 | ₹ 1,27,77,339.00 | ₹ 42,00,000.00 | ₹ - | ₹ 85,77,339.00 |
| | **Total (IX)** | **₹ 1,00,00,000.00** | **₹ 27,77,339.00** | **₹ 1,27,77,339.00** | **₹ 42,00,000.00** | **₹ -** | **₹ 85,77,339.00** |
| **X** | **PM Cares (GoI)** | | | | | | |
| a. | Fund Received | ₹ 17,71,39,438.00 | | ₹ 17,71,39,438.00 | ₹ 15,97,04,991.00 | ₹ - | ₹ 1,74,34,447.00 |
| b. | Interest | ₹ 35,64,162.00 | ₹ 26,21,160.00 | ₹ 61,85,322.00 | ₹ - | ₹ - | ₹ 61,85,322.00 |
| | **Total (X)** | **₹ 18,07,03,600.00** | **₹ 26,21,160.00** | **₹ 18,33,24,760.00** | **₹ 15,97,04,991.00** | **₹ -** | **₹ 2,36,19,769.00** |
| **XI** | **A/c No 32179340388** | | | | | | |
| a. | Aapadamtira Upscaling (GoI) | ₹ - | ₹ 9,05,10,000.00 | ₹ 9,05,10,000.00 | ₹ - | ₹ - | ₹ 9,05,10,000.00 |
| b. | Interest (GoI) | ₹ - | ₹ 1,85,253.00 | ₹ 1,85,253.00 | ₹ - | ₹ - | ₹ 1,85,253.00 |
| | **Total (XI)** | **₹ -** | **₹ 9,06,95,253.00** | **₹ 9,06,95,253.00** | **₹ -** | **₹ -** | **₹ 9,06,95,253.00** |
| | **Grand Total (I+II+III+IV+V+VI+VII+VIII+IX+X+XI)** | **₹ 29,25,90,099.00** | **₹ 20,89,20,353.00** | **₹ 50,15,10,452.00** | **₹ 25,19,39,157.00** | **₹ 4,45,26,712.00** | **₹ 20,50,44,583.00** |

**സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ കോർപ്പസ് ഫണ്ട്**: GO (Rt) No. 5714/2015/DMD dated 21st October 2015 പ്രകാരം സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന് ഒരു കോർപ്പസ് ഫണ്ട് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ കോർപ്പസ് ഫണ്ട് fixed deposit ആയി State Bank of Indiaയിൽ നിക്ഷേപിച്ചിട്ടുണ്ട്. 31-03-2020 വരെ ഇതിൽ ₹12,91,726/- (Twelve lakh ninety-one thousand seven hundred and twenty-six only) രൂപയുടെ നിക്ഷേപമാണ് ഉള്ളത്. GO (Rt) No. 5714/2015/DMD dated 21st October 2015 പ്രകാരമാണ് ഇതിൽ നിന്നുള്ള തുക വിനിയോഗിക്കാവുന്നത്. നികുതി ഒടുക്കൽ അല്ലാതെ ഒരു തുകയും ഇതിൽ നിന്നും 2021-22 കാലഘട്ടത്തിൽ ചെലവഴിക്കേണ്ടി വന്നിട്ടില്ല.

# ഉപസംഹാരം

2021-2022 സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വളരെ സജീവമായും കാര്യക്ഷമമായും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.